VOL NO: 10 I ISSUE 33

# നേർപഥം

വാരിക



www.nerpatham.com I mail@nerpatham.com
2026 AUGUST 15 I ₹10

## സ്വാതന്ത്ര്യം: ചരിത്രം, വർത്തമാനം, ഭാവി

ദേശീയഗാനത്തിന്റെ പശ്ചാത്തലത്തിൽ ആണ്ടുതോറും, നടത്തിവരുന്ന പരേഡും പടക്കം പൊട്ടിക്കലും പായസവിതരണവും കഴിഞ്ഞാൽ തീരുന്ന സ്വാതന്ത്ര്യസ്മരണകൾ മാത്രമെ പലപ്പോഴും പുതിയ തലമുറയ്ക്കുള്ളൂ. രാജ്യത്തിന്റെ വർത്തമാനത്തെ വിലയിരുത്തണമെങ്കിൽ ഭൂതകാലത്തെ കുറിച്ചുള്ള ജ്ഞാനമാണ് അനിവാര്യം. ഭാവിയിലേക്കുള്ള ഇന്ധനവും മറ്റൊന്നല്ല.

### വിവിധ സംസ്കാരങ്ങളിലെ സ്വൂഫി സമാനതകൾ

### സ്നേഹാദരവുകളിലെ അതിരുകവിയൽ

### ശീഇകളുടെ വിശ്വാസ വ്യതിയാനങ്ങൾ

മുഹമ്മദ് ഫയാസ് നാദാപുരം • റൈഹാൻ ഷഹീദ് • ശമീർ മദീനി




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

499

# നേർപഥം വാരിക

2026 ആഗസ്റ്റ് 15
1448 റബീഉൽ അവ്വൽ 02
പുസ്തകം 10 / ലക്കം 33

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**





കവർ സ്റ്റോറി




റൈഹാൻ ഷഹീദ്

ദേശീയഗാനത്തിന്റെ പശ്ചാത്തലത്തിൽ ആണ്ടുതോറും, നടത്തിവരുന്ന പരേഡും പടക്കം പൊട്ടിക്കലും പായസവിതരണവും കഴിഞ്ഞാൽ തീരുന്ന സ്വാതന്ത്ര്യസ്മരണകൾ മാത്രമെ പലപ്പോഴും പുതിയ തലമുറയ്ക്കുള്ളൂ. രാജ്യത്തിന്റെ വർത്തമാനത്തെ വിലയിരുത്തണമെങ്കിൽ ഭൂതകാലത്തെ കുറിച്ചുള്ള ജ്ഞാനമാണ് അനിവാര്യം.
ഭാവിയിലേക്കുള്ള ഇന്ധനവും മറ്റൊന്നല്ല.


**05** മുഖമൊഴി
അനുഗ്രഹങ്ങളെ വിസ്മരിക്കരുത്

**06** ആരോഗ്യപഥം
മനസ്സിനെ പ്രതിഫലിപ്പിക്കുന്ന ചർമം
ഡോ. സഫ്‌ന യൂസഫ്

**18** ലേഖനം
വിവിധ സംസ്‌കാരങ്ങളിലെ സ്വൂഫി സമാനതകൾ
മുഹമ്മദ് ഫയാസ്, നാദാപുരം

**21** പഠനം
ശീഇകളുടെ വിശ്വാസ വ്യതിയാനങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**24** ലേഖനം
വേരുകൾക്കും വേണം തണൽ
കെ.എസ് അബ്ബാസ്, മണ്ണൂർ

**25** കവിത
തിന്മയുടെ വേര്
ഹിബ ബഷീർ മണിയൂർ

**26** ലേഖനം
സ്നേഹാദരവുകളിലെ അതിരുകവിയൽ
ശമീർ മദീനി

**30** നമുക്കുചുറ്റും
'പ്ലീസ്, ഒന്ന് ഫോൺ എടുക്കണേ...!'
വി.വി. ബഷീർ വടകര

**32** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്‌മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
മനുഷ്യരാവുക
ഹുസ്‌ന പുലത്ത്



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# അവധിക്കാലത്തെ വിമാന ടിക്കറ്റ് നിരക്ക് വർധന; അടിയന്തര നിയന്ത്രണം വേണം: വിസ്ഡം യൂത്ത് യു.എ.ഇ

കടലുണ്ടി: ജി.സി.സി. രാജ്യങ്ങളിൽനിന്ന് കേരളത്തിലേക്കുള്ള അവധിക്കാല യാത്രകളിൽ വിമാന ടിക്കറ്റ് നിരക്കുകൾ ക്രമാതീതമായി ഉയർത്തുന്നത് പ്രവാസി കുടുംബങ്ങൾക്ക് കടുത്ത സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നതായി വിസ്ഡം യൂത്ത് യു.എ.ഇ അഭിപ്രായപ്പെട്ടു. ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള അവധിക്കാലങ്ങളിൽ വർഷംതോറും ആവർത്തിക്കുന്ന ഈ പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകളും ബന്ധപ്പെട്ട വ്യോമയാന അധികാരികളും അടിയന്തരമായി ഇടപെടണമെന്നും വിസ്ഡം യൂത്ത് ആവശ്യപ്പെട്ടു. വിമാനക്കമ്പനികളുടെ അന്യായമായ നിരക്കുവർധനയ്ക്ക് ഫലപ്രദമായ നിയന്ത്രണം ഏർപ്പെടുത്തുകയും പ്രവാസികൾക്ക് താങ്ങാനാവുന്ന നിരക്കിൽ യാത്ര ഉറപ്പാക്കുന്ന ദീർഘകാല നയം നടപ്പാക്കുകയും ചെയ്യണമെന്ന് പ്രമേയത്തിൽ ആവശ്യപ്പെട്ടു.

കടലുണ്ടി മാൻഗ്രൂവ് ഫോറസ്റ്റിൽ സംഘടിപ്പിച്ച 'മുൽതഖ 1.0' പ്രവാസി കുടുംബ സംഗമത്തിൽ ഈ വിഷയത്തിൽ പ്രമേയം പാസാക്കി. അവധിക്കാലത്തിനായി യു.എ.ഇയിൽനിന്ന് നാട്ടിലെത്തിയ പ്രവാസികളും കേരളത്തിലുള്ള അവരുടെ കുടുംബാംഗങ്ങളും സംഗമത്തിൽ പങ്കെടുത്തു.

വിസ്ഡം യു.എ.ഇ സെക്രട്ടറി മുഹമ്മദ് യാസിർ പരപ്പനങ്ങാടി ഉദ്ഘാടനകർമം നിർവഹിച്ചു. വിസ്ഡം ദേര യൂണിറ്റ് സെക്രട്ടറി ഷാനവാസ് ബിൻ ഫരീദ് അധ്യക്ഷത വഹിച്ചു. വിസ്ഡം യൂത്ത് യു.എ.ഇ ചാപ്റ്റർ പ്രസിഡന്റ് ജലീൽ ഒട്ടുമ്മൽ, കോഴിക്കോട് സൗത്ത് ജില്ലാ ജോയിന്റ് സെക്രട്ടറി ഷഹീൽ കുറ്റിച്ചിറ എന്നിവർ ആശംസകൾ നേർന്നു.

രാവിലെ 9 മണി മുതൽ വൈകുന്നേരം 5.30 വരെ നീണ്ടുനിന്ന സംഗമത്തിൽ വിജ്ഞാനപ്രദമായ സെഷനുകൾ, കുടുംബസൗഹൃദ പ്രവർത്തനങ്ങൾ, കലാ-കായിക മത്സരങ്ങൾ, കുട്ടികൾക്കായുള്ള പ്രത്യേക പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. അജ്സൽ കക്കോടി നയിച്ച 'കളിച്ചങ്ങാടം' പരിപാടിയിൽ കഥകളും പാട്ടുകളും വിജ്ഞാന - വിനോദ പ്രവർത്തനങ്ങളും കൊണ്ട് കുട്ടികൾക്ക് വേറിട്ട അനുഭവമായി.

പുരുഷന്മാർക്കായുള്ള കലാ-കായിക മത്സരങ്ങൾക്ക് സയ്യിദ് മഷ്ഹൂർ തങ്ങൾ, സജാദ് (അജ്മാൻ), അമീർ സുഹൈൽ (ദുബൈ) എന്നിവർ നേതൃത്വം നൽകി. കുടുംബങ്ങൾക്കായുള്ള വൈജ്ഞാനിക സെഷനുകൾക്ക് ഷാബിൻ പാലത്ത്, നൗഫൽ ചെറുമുക്ക് എന്നിവർ നേതൃത്വം വഹിച്ചു. വനിതകൾക്കായി സംസം കൊല്ലം, ഷാദിയ ബിൻത് സലിം എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക മത്സരങ്ങളും സംഘടിപ്പിച്ചു.

സമാപന സമ്മേളനത്തിൽ അബുദാബി ഇസ്‌ലാഹി സെന്റർ പ്രബോധകൻ സഊദ് ഇബ്നു അബ്ദുറഹ്മാൻ മുഖ്യപ്രഭാഷണം നടത്തി.

അക്ബർ പറവണ്ണ, അബുട്ടി തലശ്ശേരി, സലീസ് പുളിക്കൽ എന്നിവർ സമ്മാനവിതരണം നിർവഹിച്ചു.

# അനുഗ്രഹങ്ങളെ വിസ്മരിക്കരുത്

നബി(സ്വ)യുടെ കാലത്ത് ഒരുദിവസം ശക്തമായ മഴകിട്ടിയപ്പോൾ ആ മഴയെ സംബന്ധിച്ച് ജനങ്ങൾ രണ്ടു നിലയ്ക്ക് സംസാരിച്ചു. അന്നേരം അല്ലാഹുവിന്റെ പ്രവാചകന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: “ജനങ്ങളിൽ നന്ദികാണിക്കുന്നവരും നിഷേധികളുമുണ്ട്. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് അവർ (ഈമാനുള്ളവർ) പറഞ്ഞു. എന്നാൽ അവരിൽ ചിലർ മഴ ഇന്നയിന്ന കാരണങ്ങളാൽ കിട്ടിയതാണെന്ന് പറയുന്നു.” ഇതിൽ ആദ്യത്തെ അഭിപ്രായം നന്ദിയുടെയും രണ്ടാമത്തേത് നന്ദികേടിന്റെയുമാണ്. അല്ലാഹു പറയുന്നു: “നിന്റെ രക്ഷിതാവിന്റെ അനുഗ്രഹത്തെ സംബന്ധിച്ച് നീ സംസാരിക്കുക” (ക്വുർആൻ 93:11).

മഴക്കെടുതിയോ മറ്റെന്തെങ്കിലും ദുരിതമോ ബാധിച്ചാൽ നിരീശ്വരവാദികൾ മതവിശ്വാസികളെ പരിഹസിക്കും; വിശിഷ്യാ മുസ്‌ലിംകളെ. ദൈവത്തെ നിന്ദിക്കുകയും ചെയ്യും. അത് അവരുടെ ‘വിശ്വാസ’ത്തിന്റെ അടയാളമാണ്. അവരുടെ നിലനിൽപുതന്നെ അങ്ങനെ ഇസ്‌ലാമിനെയും അല്ലാഹുവിനെയും പരിഹസിച്ച് പറയുമ്പോൾ കിട്ടുന്ന ‘പിന്തുണ’യിലാണ്. എന്നാൽ മുസ്‌ലിംകളിൽ പെട്ട, വേണ്ടത്ര മതബോധവും അറിവുമില്ലാത്ത ചിലരെങ്കിലും ദുരന്തം സംഭവിക്കുന്ന വേളകളിൽ അറിഞ്ഞോ അറിയാതെയോ സ്രഷ്ടാവിന്റെ വിധിയെ കുറ്റപ്പെടുത്തുന്ന രൂപത്തിൽ സംസാരിക്കാറുണ്ട്.

വെള്ളം, വായു, വെളിച്ചം, ആഹാരം, കണ്ണ്, കാത്, കൈകാലുകൾ...തുടങ്ങി ഒട്ടേറെ അനുഗ്രഹങ്ങൾ ആസ്വദിച്ചും അനുഭവിച്ചുമാണ് തങ്ങൾ ജീവിക്കുന്നത് എന്ന കാര്യം വിസ്മരിക്കുകയാണ് ഇവരെല്ലാം ചെയ്യുന്നത്.

യൂനുസ് ഇബ്നു ഉബൈദി(റഹി)ന്റെ അടുക്കൽ ഒരിക്കൽ ഒരാൾ വന്ന് ഇല്ലായ്മയെക്കുറിച്ച് പരാതിപ്പെട്ടപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇവിടെ പ്രസക്തമാണ്: ‘നിങ്ങളുടെ രണ്ട് കണ്ണ് എനിക്ക് തരുമോ? ഞാൻ നിങ്ങൾക്ക് ഒരുലക്ഷം ദിർഹം തരാം. നിങ്ങളുടെ ഒരു കൈ എനിക്കു തരുമോ? ഒരു ലക്ഷം ദിർഹം തരാം. നിങ്ങളുടെ ഒരു കാലെനിക്ക് തരുമോ? ഒരു ലക്ഷം ദിർഹം തരാം.’ ഇങ്ങനെ അദ്ദേഹത്തിന്റെ അവയവങ്ങളോരോന്ന് എണ്ണിയെണ്ണി അതിനു വിലയിട്ടുകൊണ്ട് അദ്ദേഹം ചോദിച്ചു. ആഗതൻ പറഞ്ഞു: ‘ഒരിക്കലുമില്ല.’ അപ്പോൾ യൂനുസ്ബ്നു ഉബൈദ് (റഹി) പറഞ്ഞു: ‘ഞാൻ നിന്റെയടുക്കൽ കോടികൾ കാണുന്നു. എന്നിട്ടും ഇല്ലായ്മയെക്കുറിച്ച് ആവലാതിപ്പെടുകയോ?’

എത്രയെത്ര അനുഗ്രഹങ്ങളാണ് സ്രഷ്ടാവ് നമുക്ക് കനിഞ്ഞു നൽകിയിട്ടുളളത്. നമ്മുടെ ശരീരത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തിന് വല്ല അസുഖവും ബാധിച്ചാൽ ബോധ്യമാകും ആ അവയവത്തിന്റെ വില. സർവശക്തൻ നമുക്ക് ഓരോരോ സെക്കന്റിലും നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കാകട്ടെ കൈയും കണക്കുമില്ല.

മനുഷ്യർ പരസ്പരം ചെയ്യുന്ന ഉപകാരങ്ങൾക്കും അന്യോന്യം നന്ദികാണിക്കേണ്ടതുണ്ട്. അതിന്റെ വാചികമായ രൂപമാണ് ‘അല്ലാഹു നിനക്ക് നന്മചെയ്യുമാറാകട്ടെ’ എന്ന പ്രവാചകൻ(സ്വ) പഠിപ്പിച്ച പ്രാർഥന. നന്മ ചെയ്തുതന്നവർക്ക് പ്രത്യുപകാരം ചെയ്യുവാനും അതിനു സാധിക്കാത്തപക്ഷം അവർക്കുവേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുവാനും നബി(സ്വ) നിർദേശിച്ചിട്ടുണ്ട്.

നാം ജീവിക്കുന്ന രാജ്യത്തോടും സമൂഹത്തോടും നന്ദി കാണിക്കൽ നമ്മുടെ ബാധ്യതയാണ്. അവനവന്റെ വിശ്വാസമനുസരിച്ച് ജീവിക്കുവാനും ആരാധനകളും അനുഷ്ഠാന കർമങ്ങളും നിർവഹിക്കുവാനും അതിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുവാനുമെല്ലാമുള്ള സ്വാതന്ത്ര്യവും നിർഭയത്വവുമുള്ള അവസ്ഥയിൽ സർവശക്തനോട് അതിന് നന്ദികാണിക്കണം. രാജ്യത്തിന്റെ പൊതുനന്മക്കായി പ്രവർത്തിക്കലും നിയമങ്ങൾ പാലിക്കലും അതിന്റെ വളർച്ചക്കാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യലുമെല്ലാം രാജ്യത്തോടു കാണിക്കുന്ന നന്ദിയാണ്. മതജീവിതത്തിന് വിലങ്ങു തീർക്കുമ്പോൾ ജനാധിപത്യ രീതിയിൽ പ്രതിഷേധിക്കാനും ഭരണഘടന നൽകുന്ന അവകാശം ചോദിച്ചുവാങ്ങുവാനും ഓരോ വ്യക്തിക്കും മൗലികമായ അവകാശമുണ്ട്.

ത്വക്ക്: ജീവശാസ്ത്രവും ദൈവിക ദൃഷ്ടാന്തവും 02



# മനസ്സിനെ പ്രതിഫലിപ്പിക്കുന്ന ചർമം

ഡോ. സഫ്ന യൂസഫ്

കഴിഞ്ഞ ലക്കം ലേഖനത്തിലൂടെ മനുഷ്യന്റെ ചർമം അല്ലാഹുവിന്റെ അതുല്യമായ സൃഷ്ടിവൈഭവത്തിന്റെ ദൃഷ്ടാന്തമാണെന്നും അത് ശരീരത്തെ സംരക്ഷിക്കുന്ന കവചം മാത്രമല്ല, അനവധി ജൈവപ്രവർത്തനങ്ങളുടെ കേന്ദ്രവുമാണെന്നും നാം മനസ്സിലാക്കി. ചർമത്തിന്റെ മറ്റൊരു അത്ഭുതത്തെക്കുറിച്ചു കൂടി പറയാനുണ്ട്. അത് നമ്മുടെ ശരീരത്തിന്റെ അവസ്ഥയെ മാത്രമല്ല, പലപ്പോഴും നമ്മുടെ മനസ്സിന്റെ അവസ്ഥയെയും നിശ്ശബ്ദമായി വെളിപ്പെടുത്തുന്നുണ്ട്!

അതുകൊണ്ടുതന്നെ ആധുനിക വൈദ്യശാസ്ത്രത്തിൽ “Psychodermatology’ എന്നൊരു പ്രത്യേക പഠനശാഖ രൂപപ്പെട്ടിട്ടുണ്ട്. മനസ്സും ചർമവും പരസ്പരം സ്വാധീനിക്കുന്നവിധത്തെക്കുറിച്ചാണ് അത് പഠനവിധേയമാക്കുന്നത്. മാനസികസമ്മർദം ചർമരോഗങ്ങളെ രൂക്ഷമാക്കുകയും ചർമരോഗങ്ങൾ വീണ്ടും രോഗിയുടെ മാനസികാരോഗ്യത്തെ തകർക്കുകയും ചെയ്യുന്ന ഒരു ചക്രം പല രോഗികളുടെയും ജീവിതത്തിൽ കണ്ടുവരുന്നു.

ഡെർമറ്റോളജി ക്ലിനിക്കുകളിൽ പതിവായി കാണുന്ന ചില കാഴ്ചകളുണ്ട്. പരീക്ഷാകാലത്ത് മുഖക്കുരു പെട്ടെന്ന് കൂടുന്ന വിദ്യാർഥി, ജോലി നഷ്ടപ്പെട്ടതിനു പിന്നാലെ സോറിയാസിസ് വീണ്ടും രൂക്ഷമായ മധ്യവയസ്കൻ, പ്രസവശേഷം കഠിനമായ മുടികൊഴിച്ചിൽ കാരണം വിഷമിക്കുന്ന അമ്മ, വിറ്റിലിഗോ കാരണം വിവാഹാലോചനകൾ മുടങ്ങിയതിന്റെ വേദന പങ്കുവെക്കുന്ന യുവതി... ഇവരിൽ ഓരോരുത്തരെയും ചികിത്സിക്കുമ്പോൾ; ചർമത്തെ മാത്രമല്ല, മനസ്സിനെയും ചികിത്സയുടെ ഭാഗമാകേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു. സമൂഹത്തിന്റെ, രോഗിയോടുള്ള സമീപനവും രോഗത്തിന്റെ ഭാരത്തെ വർധിപ്പിക്കാറുണ്ട്. ‘ഇത് പകരുമോ’ എന്നു തുടങ്ങിയ ചോദ്യങ്ങളും അറപ്പോടെയുള്ള സമീപനവും പലപ്പോഴും രോഗത്തെക്കാൾ വലിയ മുറിവ് രോഗിയുടെ മനസ്സിലുണ്ടാക്കുന്നു. അതുകൊണ്ടുതന്നെ ചർമരോഗങ്ങളെക്കുറിച്ചും രോഗികളോടു പെരുമാറേണ്ട മര്യാദകളെക്കുറിച്ചുമുള്ള ശരിയായ അറിവ് സമൂഹത്തിന് അത്യാവശ്യമാണ്.

### ചികിത്സ മരുന്നുകളിൽ മാത്രം ഒതുങ്ങുന്നില്ല

ചർമരോഗങ്ങളുടെ ചികിത്സയിൽ ശരിയായ മരുന്നുകൾക്ക് തീർച്ചയായും പ്രധാന സ്ഥാനമുണ്ട്. എന്നാൽ, മനസ്സും ചർമവും പരസ്പരം സ്വാധീനിക്കുന്ന രോഗങ്ങളിൽ മരുന്നുകൾ മാത്രം മതിയാകണമെന്നില്ല. രോഗിയുടെ ജീവിതസാഹചര്യങ്ങളും മാനസികാവസ്ഥയും ഉറക്കവും കുടുംബപിന്തുണയും ചികിത്സയുടെ വിജയത്തെ ഗണ്യമായി സ്വാധീനിക്കുന്നു. അതുകൊണ്ടാണ് ഇന്നു ലോകമെമ്പാടും സമഗ്ര ചികിത്സ (Holistic Care) എന്ന ആശയത്തിന് പ്രാധാന്യം നൽകുന്നത്. രോഗത്തിന്റെ തീവ്രതയ്ക്കനുസരിച്ച് മരുന്നുകൾ നൽകുന്നതോടൊപ്പം, രോഗിയെ രോഗത്തെക്കുറിച്ച് ബോധവത്കരിക്കുകയും യാഥാർഥ്യ ബോധമുള്ള പ്രതീക്ഷകൾ നൽകുകയും ചെയ്യേണ്ടത് ചികിത്സയുടെ ഭാഗമാണ്. പല ചർമരോഗങ്ങളും ദീർഘകാലം നിയന്ത്രിച്ചുകൊണ്ടുപോകേണ്ടവയാണെന്നും ചികിത്സ

പാതിവഴിയിൽ നിർത്താതെ ഡോക്ടറുടെ നിർദേശങ്ങൾ പാലിക്കേണ്ടതുണ്ടെന്നും രോഗി മനസ്സിലാക്കണം.

രോഗിയുടെ മാനസിക സമ്മർദം തിരിച്ചറിയുന്നതും അതിനു പരിഹാരം കാണുന്നതും അത്രതന്നെ പ്രധാനമാണ്. ആവശ്യമായാൽ മനഃശാസ്ത്രജ്ഞരുടെയോ മനോരോഗവിദഗ്ധരുടെയോ സഹായം തേടുന്നതിൽ യാതൊരു മടിയും വേണ്ട. അത് ബലഹീനതയുടെ അടയാളമല്ല; മറിച്ച് പൂർണമായ രോഗശാന്തിയിലേക്കുള്ള വിവേകപൂർണമായ ഒരു ചുവടുവയ്പ്പാണ്. കുടുംബാംഗങ്ങൾക്കും ഈ ചികിത്സയിൽ വലിയ പങ്കുണ്ട്. രോഗിയോട് അകലം പാലിക്കുകയോ കുറ്റപ്പെടുത്തുകയോ വിമർശിക്കുകയോ ചെയ്യാതെ, അദ്ദേഹത്തിന്റെ ആശങ്കകൾ കേൾക്കുകയും ചികിത്സയിൽ ഒപ്പമുണ്ടാകുകയും ചെയ്യുന്നത് രോഗമുക്തിക്ക് വലിയ പിന്തുണയാണ്.

സമൂഹത്തിനും ഉത്തരവാദിത്തമുണ്ട്. ചർമരോഗങ്ങളെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ തിരുത്തുക, രോഗികളെ പരിഹസിക്കാതിരിക്കുക, അവരെ സമൂഹത്തിന്റെ ഭാഗമായി പരിഗണിക്കുക തുടങ്ങിയവ ചികിത്സയുടെ ഭാഗമാണെന്ന് തിരിച്ചറിയണം.

വിശ്വാസികൾ എന്ന നിലയിൽ, ചികിത്സ തേടുന്നതോടൊപ്പം അല്ലാഹുവിൽ ഭരമേൽപിക്കുകയും ക്ഷമയോടെ പ്രാർഥിക്കുകയും ചെയ്യുന്നത് മനസ്സിന് വലിയ ആശ്വാസം നൽകും. ആത്മീയമായ കരുത്തും ശാസ്ത്രീയ ചികിത്സയും പരസ്പരം വിരുദ്ധമല്ല; മറിച്ച് രോഗമുക്തിയുടെ യാത്രയിൽ പരസ്പരം പൂരകങ്ങളാണ്. ■

# ആശയങ്ങളെ ചിന്തയിലൂടെ സർഗാത്മകമാക്കണം: അഡ്വ. തൊഹാനി

കോഴിക്കോട്: ആശയങ്ങളെ ചിന്തയിലൂടെ സർഗാത്മകമാക്കാനുള്ള പരിശ്രമങ്ങളാണ് നാം വളർത്തിയെടുക്കേണ്ടതെന്ന് എം.എസ്.എഫ് സംസ്ഥാന സെക്രട്ടറി അഡ്വ. കെ. തൊഹാനി അഭിപ്രായപ്പെട്ടു. വിസ്ഡം വിമൻ ആന്റ് ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ കോഴിക്കോട്ട് സംഘടിപ്പിച്ച ‘നേർപഥം റൈറ്റേഴ്സ് വർക്ക്ഷോപ്പ്’ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

സർഗാത്മകതയിലൂടെ സമൂഹത്തിൽ നന്മ വളർത്താനും തിന്മയെ പ്രതിരോധിക്കാനും സാധിക്കുമെന്നത് നാം മറന്നുപോകരുത്. വായനയിലൂടെ മനുഷ്യമനസ്സ് വിശാലമാക്കാനും എഴുത്തിലൂടെ ലോകത്തെ വിശാലമായി കാണാനും സാധിക്കുമെന്നത് തലമുറയിലേക്ക് പകർന്നു നൽകാൻ നമുക്ക് കഴിയണം. സാമൂഹികമായ ഉന്നമനം ലക്ഷ്യമാക്കി ചിന്തകൾക്ക് കൂടുതൽ പ്രാധാന്യം നൽകി പ്രവർത്തിക്കാൻ സാധിച്ചാൽ നിയമങ്ങളെക്കാൾ വലിയ സ്വാധീനം സർഗാത്മകതയിലൂടെ നേടിയെടുക്കാൻ സാധിക്കുമെന്നത് നാം ഗൗരവമായിക്കാണണമെന്നും അഡ്വ. കെ. തൊഹാനി അഭിപ്രായപ്പെട്ടു.

വിവിധ ജില്ലകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട വനിതകൾക്കായി നടത്തിയ ശിൽപശാല എഴുത്തു രംഗത്ത് തങ്ങളുടെതായ വ്യക്തിമുദ്ര പതിപ്പിക്കാൻ പ്രചോദനം നൽകുന്നതായിരുന്നു. ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ ഗതകാല ചരിത്രത്തിൽ തൂലികകൊണ്ട് സമുദായത്തെ സമുദ്ധരിക്കാൻ ശ്രമിച്ച വനിതകളെക്കുറിച്ചുള്ള നാസിർ ബാലുശ്ശേരിയുടെ സംസാരം വിസ്മയത്തോടെയാണ് ക്യാമ്പംഗങ്ങൾ കേട്ടിരുന്നത്. വിവിധ ആക്റ്റിവിറ്റികളിൽ അതീവതാല്പര്യത്തോടെ പങ്കെടുത്ത ക്യാമ്പംഗങ്ങൾ തങ്ങളുടെയുള്ളിൽ സർഗാത്മകതയുടെ കനലെരിയുന്നുണ്ടെന്ന് തെളിയിച്ച ശേഷമാണ് പിരിഞ്ഞുപൊയത്.

വിസ്ഡം വിമൻ സംസ്ഥാന പ്രസിഡന്റ് സഹ്റ സുല്ലമിയ്യ അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ്, നാസിർ ബാലുശ്ശേരി, സി.പി സലീം, ഡോ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ, സി മുഹമ്മദ് അജ്മൽ, വിസ്ഡം വിമൻ സംസ്ഥാന സെക്രട്ടറി ഡോ. റസീല, അഡ്വ. ഹബീബ് റഹ്മാൻ, മുജീബ് ഒട്ടുമ്മൽ, ഉസ്മാൻ പാലക്കാഴി, അനിൽ പ്രിംറോസ്, അസ്മാബി ടീച്ചർ, ഉമ്മുസൽമ, വിസ്ഡം ഗേൾസ് സംസ്ഥാന പ്രസിഡന്റ് നുബ്‌ല എന്നിവർ പ്രസംഗിച്ചു. ■

# വന്ദേമാതരം നിർബന്ധമാക്കുന്നത് ഭരണഘടനാ വിരുദ്ധം; സർക്കുലർ പിൻവലിക്കണം:

## വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: ദേശീയപതാക ഉയർത്തുന്ന ചടങ്ങുകളിലും വിദ്യാലയങ്ങളിലും വന്ദേമാതരത്തിന്റെ ആറു ചരണങ്ങളടങ്ങിയ പൂർണരൂപം നിർബന്ധമായും ആലപിക്കണമെന്ന പ്രോട്ടോക്കോളും അതിൻ പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ സർക്കുലറും പിൻവലിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ആവശ്യപ്പെട്ടു. ഭരണഘടന ഉറപ്പുനൽകുന്ന മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തിനും മതേതരത്വത്തിനും മേലുള്ള കടന്നുകയറ്റമാണിതെന്ന് സംസ്ഥാന നേതൃത്വം വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

മാതൃരാജ്യത്തോടുള്ള സ്നേഹവും സേവനവും ഓരോ പൗരന്റെയും ബാധ്യതയാണ്. രാജ്യത്തിനുവേണ്ടി ജീവൻ ത്യജിച്ച സ്വാതന്ത്ര്യസമര സേനാനികളിൽ എല്ലാ വിഭാഗം ജനങ്ങളുമുണ്ട്. എന്നാൽ, ദേശസ്നേഹം തെളിയിക്കാൻ ഒരു പൗരന്റെ മതവിശ്വാസത്തെയും മനസ്സാക്ഷിയെയും ചോദ്യം ചെയ്യുന്ന രീതി ശരിയല്ല. വന്ദേമാതരത്തിന്റെ ആദ്യ ചരണങ്ങൾ മാതൃരാജ്യത്തിന്റെ സമൃദ്ധിയെയും പ്രകൃതിസൗന്ദര്യത്തെയുമാണ് വർണിക്കുന്നതെങ്കിൽ, ശേഷിക്കുന്ന ചരണങ്ങൾ വ്യക്തമായും ഒരു പ്രത്യേക മതവിഭാഗത്തിന്റെ ദൈവസങ്കൽപങ്ങളെയും ബിംബാരാധനാപരമായ ആശയങ്ങളെയുമാണ് പ്രതിഫലിപ്പിക്കുന്നത്.

ഏകദൈവവിശ്വാസത്തിൽ (തൗഹീദ്) അധിഷ്ഠിതമായി ജീവിക്കുന്ന ഒരു മുസ്‌ലിമിന് ദൈവമല്ലാത്ത മറ്റു ശക്തികളെയോ വ്യക്തികളെയോ സങ്കൽപങ്ങളെയോ ആരാധനാപൂർവം വാഴ്ത്തുന്നത് വിശ്വാസത്തിന് നിരക്കാത്തതാണ്. രാജ്യത്തെ സ്നേഹിക്കുന്നതും രാജ്യത്തെ ദേവതയായിസങ്കൽപിക്കുന്നതും രണ്ടാണ്. ഒരു വ്യക്തിയെ അദ്ദേഹത്തിന്റെ വിശ്വാസത്തിന് വിരുദ്ധമായ വരികൾ നിർബന്ധിച്ച് പാടിക്കുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)(a) നൽകുന്ന ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും ആർട്ടിക്കിൾ 25 നൽകുന്ന മതസ്വാതന്ത്ര്യത്തിന്റെയും നഗ്നമായ ലംഘനമാണ്.

ചരിത്രപ്രധാനമായ 'ബിജോയ് ഇമ്മാനുവൽ കേസിൽ' (1986) സുപ്രീംകോടതി വ്യക്തമാക്കിയത്, ഒരു വ്യക്തി തന്റെ മനസ്സാക്ഷിക്കോ മതവിശ്വാസത്തിനോ വിരുദ്ധമായ കാര്യങ്ങൾ ചൊല്ലാൻ നിർബന്ധിതനാകരുത് എന്നാണ്. ചടങ്ങുകളിൽ ആദരവോടെ എഴുന്നേറ്റുനിൽക്കുന്നതുതന്നെ രാജ്യത്തോടുള്ള ആദരവല്ലേ? മനസ്സാക്ഷിക്ക് വിരുദ്ധമായ ഉച്ചാരണങ്ങൾ നിർബന്ധമാക്കുന്നത് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽ പോലും മാനസിക പ്രയാസങ്ങൾ സൃഷ്ടിക്കും.

ഇന്ത്യ വിവിധ മതങ്ങളും സംസ്കാരങ്ങളും വച്ചുപുലർത്തുന്നവർ ഒന്നിച്ചുജീവിക്കുന്ന മതേതര രാജ്യമാണ്. രാജ്യസ്നേഹത്തിന്റെ പേരിൽ ഏതെങ്കിലും ഒരു മതത്തിന്റെ സങ്കൽപങ്ങൾ പൊതുസമൂഹത്തിന് മേൽ അടിച്ചേൽപിക്കുന്നത് സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടില്ലാത്തതാണ്. അതിനാൽ, പൗരന്മാരുടെ ഭരണഘടനാവകാശങ്ങളെ സംരക്ഷിച്ചുകൊണ്ട് നിലവിലെ നിർദേശങ്ങളിൽ നിന്ന് സർക്കാർ പിന്തിരിയണമെന്നും വിവാദ ഉത്തരവുകൾ പിൻവലിക്കാനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്നും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ഭാരവാഹികൾ പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു. ■

# മദ്റസകൾ ധാർമികതയുടെ വിളനിലമാകണം:

## അഡ്വ. ഫൈസൽ ബാബു എംഎൽഎ

**വിസ്ഡം എജ്യൂക്കേഷൻ ബോർഡ് കോഴിക്കോട്ട് സംഘടിപ്പിച്ച മദ്റസ മാനേജ്മെന്റ് കോൺഫറൻസിൽ അഡ്വ. ഫൈസൽ ബാബു എംഎൽഎ നടത്തിയ പ്രസംഗത്തിന്റെ സംക്ഷിപ്ത രൂപം:**

"ഞാൻ പങ്കെടുക്കണമെന്ന് ഏറെ ആഗ്രഹിച്ച ഒരു പരിപാടിയാണിത്. ഈ പരിപാടിയുടെ പ്രാധാന്യം ഉൾക്കൊള്ളുന്നു എന്നതാണ് അതിന്റെ കാരണം. ഏതൊരു സ്ഥാപനമായാലും എന്തിനാണ് അത് നടത്തിക്കൊണ്ടുപോകുന്നത് എന്നത് വളരെ പ്രധാനമാണ്. അത് എപ്പോഴും നമ്മുടെ മനസ്സിലുണ്ടാകണം. മദ്റസകളെ സംബന്ധിച്ചുള്ള അടിസ്ഥാനപരമായ വീക്ഷണത്തിൽ ആർക്കിടയിലും അഭിപ്രായ വ്യത്യാസമില്ല. അല്ലാഹു നമ്മുടെ രക്ഷിതാവും മുഹമ്മദ് നബി(സ്വ) നമ്മുടെ നേതാവും ക്വുർആൻ നമ്മുടെ മാർഗദർശക ഗ്രന്ഥവുമാണ്. ഇതിൽ എല്ലാവരും യോജിക്കുന്നു. പിന്നീടുള്ളതിലാണ് വഴികൾ മാറുന്നത്.

'ജനങ്ങൾക്കു വേണ്ടി കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാണ് നിങ്ങൾ' എന്ന് ക്വുർആൻ പറയുന്നു. കാര്യം വളരെ വ്യക്തമാണ്. നമ്മൾ ഉത്തമ സമുദായത്തിന് ഉദാഹരണമായിരിക്കണം. അഥവാ നമ്മൾ മാതൃകാസമൂഹമായിരിക്കണം. 'ജനങ്ങൾക്കു വേണ്ടി' എന്നാണ് അല്ലാഹു പറഞ്ഞത്, 'സമുദായത്തിന് വേണ്ടി' എന്നല്ല. ഇന്ത്യയെപോലുള്ള

> **'ജനങ്ങൾക്കു വേണ്ടി കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാണ് നിങ്ങൾ' എന്ന് ക്വുർആൻ പറയുന്നു. കാര്യം വളരെ വ്യക്തമാണ്. നമ്മൾ ഉത്തമ സമുദായത്തിന് ഉദാഹരണമായിരിക്കണം. അഥവാ നമ്മൾ മാതൃകാസമൂഹമായിരിക്കണം. 'ജനങ്ങൾക്കു വേണ്ടി' എന്നാണ് അല്ലാഹു പറഞ്ഞത്, 'സമുദായത്തിന് വേണ്ടി' എന്നല്ല. ഇന്ത്യയെപോലുള്ള ഒരു ബഹുമത സമൂഹത്തിൽ ഇതിന്റെ പ്രസക്തി ഏറെയാണ്.**

ഒരു ബഹുമത സമൂഹത്തിൽ ഇതിന്റെ പ്രസക്തി ഏറെയാണ്. അപ്പോൾ മദ്റസയുടെ ഗുണഭോക്താക്കൾ മുസ്‌ലിംകൾക്കല്ലാത്തവരും ആയിരിക്കേണ്ടതില്ലേ?

മൂല്യങ്ങൾ പകർന്നുകൊടുക്കേണ്ട സ്ഥാപനമാണ് മദ്റസ. നടത്തിപ്പുകാരിലും കാലാനുസൃതമായി ടെക്നോളജി ഉപയോഗപ്പെടുത്തുന്നതിലും മാറ്റമുണ്ടായാൽ പോരാ. തർബിയ്യത്താണ് വിദ്യാർഥി, യുവജന, വനിതാ ഘടകങ്ങളുടെ ചുമതല. അതു തന്നെയാണ് മദ്റസയിലും നടക്കേണ്ടത്. ലഹരിയുപയോഗിക്കുന്നവരുടെയും മറ്റു കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെയും എണ്ണം കുറച്ചുകൊണ്ടുവരുന്നതിൽ മദ്റസകൾക്ക് വിജയിക്കാൻ സാധിക്കണം. അതിന് സാധിക്കുന്നില്ലെങ്കിൽ അത് പരാജയമാണ്. കുറ്റകൃത്യങ്ങളിൽ സമുദായാംഗങ്ങളുടെ പങ്കാളിത്തം വർധിച്ചുവരികയാണെങ്കിൽ അത് മദ്റസകളും പള്ളികളും സംഘടനകളും ലക്ഷ്യം കൈവരിക്കുന്നില്ല എന്നതിന്റെ അടയാളമാണ്.

'ഉപകാരപ്രദമായ അറിവ് വർധിപ്പിച്ചുതരണേ' എന്നു പ്രാർഥിക്കുവാനാണ് നബി(സ്വ) പറഞ്ഞത്. മദ്റസകളിലൂടെ ലഭിക്കുന്ന അറിവ് ജീവിതത്തിലുടനീളം ഉപകാരപ്പെടണം. മദ്റസാവിദ്യാഭ്യാസത്തെ ആളുകൾ ഒരു ചടങ്ങായല്ല, അനിവാര്യതയായി മനസ്സിലാക്കണം. മദ്റസാ അധ്യാപകർക്ക് മാന്യമായി ജീവിക്കാൻ സാധിക്കണം. അതിനുതകുന്ന രൂപത്തിൽ വേതനം നൽകണം. അത് അവരോടുള്ള ഔദാര്യമല്ല, അവരുടെ അവകാശമാണ്. അവരെ നാം ചേർത്തുപിടിക്കണം. അവരുടെ കുടുംബം രക്ഷപ്പെടണം." ■

ദേശീയഗാനത്തിന്റെ പശ്ചാത്തലത്തിൽ ആണ്ടുതോറും, നടത്തിവരുന്ന പരേഡും പടക്കം പൊട്ടിക്കലും പായസവിതരണവും കഴിഞ്ഞാൽ തീരുന്ന സ്വാതന്ത്ര്യസ്മരണകൾ മാത്രമെ പലപ്പോഴും പുതിയ തലമുറയ്ക്കുള്ളൂ. രാജ്യത്തിന്റെ വർത്തമാനത്തെ വിലയിരുത്തണമെങ്കിൽ ഭൂതകാലത്തെ കുറിച്ചുള്ള ജ്ഞാനമാണ് അനിവാര്യം. ഭാവിയിലേക്കുള്ള ഇന്ധനവും മറ്റൊന്നല്ല.




# സ്വാതന്ത്ര്യം:
## ചരിത്രം, വർത്തമാനം, ഭാവി

റൈഹാൻ ഷഹീദ്
: +971 50 596 0255

ഓരോ വർഷവും ആഗസ്റ്റ് 15 എത്തുമ്പോൾ ഇന്ത്യ ദേശീയപതാക ഉയർത്തുന്നു. ദേശീയ ഗാനങ്ങൾ മുഴങ്ങുന്നു. വിദ്യാലയങ്ങളിലും കോളേജുകളിലും സർക്കാർ സ്ഥാപനങ്ങളിലും സ്വാതന്ത്ര്യദിനാഘോഷങ്ങൾ നടക്കുന്നു. 1947 ആഗസ്റ്റ് 15ന് ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് ഇന്ത്യ സ്വതന്ത്രമായ ചരിത്ര മുഹൂർത്തം രാജ്യം അഭിമാനത്തോടെ അനുസ്മരിക്കുന്നു. എന്നാൽ സ്വാതന്ത്ര്യം വെറും ഒരു ചരിത്രസംഭവമാണോ? ഈ ചോദ്യത്തിനുള്ള ഉത്തരമാണ് സ്വാതന്ത്ര്യദിനത്തിന്റെ യഥാർഥ പ്രസക്തി.

സ്വാതന്ത്ര്യം എന്നത് വിദേശഭരണാധികാരികൾ രാജ്യം വിട്ടുപോയെന്നതുകൊണ്ട് മാത്രം പൂർത്തിയാകുന്ന ഒന്നല്ല. ഒരു രാജ്യത്തെ ജനങ്ങൾക്ക് ഭയമില്ലാതെ ജീവിക്കാനും അഭിപ്രായം പ്രകടിപ്പിക്കാനും മതം ആചരിക്കാനും വിദ്യാഭ്യാസം നേടാനും അന്തസ്സോടെ ജീവിക്കാനും നിയമത്തിന്റെ മുന്നിൽ തുല്യത അനുഭവിക്കാനും കഴിയുന്ന അവസ്ഥയാണ് യഥാർഥ സ്വാതന്ത്ര്യം. അധികാരമാറ്റം സ്വാതന്ത്ര്യത്തിന്റെ തുടക്കമായിരിക്കാം; എന്നാൽ നീതിയും സമത്വവും മനുഷ്യാന്തസ്സും ഉറപ്പുവരുത്തുന്നതിലൂടെയാണ് അത് പൂർണമാകുന്നത്.

ഇന്ത്യയുടെ സ്വാതന്ത്ര്യസമരം ഇന്ത്യക്കാരൻ സ്വന്തം രാജ്യത്തിന്റെ വിധി സ്വയം നിർണയിക്കാനുള്ള അവകാശത്തിനുവേണ്ടിയുള്ള പോരാട്ടമായിരുന്നു. വ്യത്യസ്ത

മതങ്ങളും ഭാഷകളും സംസ്കാരങ്ങളും ജാതികളും ഉൾക്കൊള്ളുന്ന ഒരു ജനത തങ്ങളുടെ ഭാവി സ്വയം രൂപപ്പെടുത്താനുള്ള അവകാശം നേടിയെടുത്ത ചരിത്രമാണ് 1947 ഓഗസ്റ്റ് 15.

ഈ സ്വാതന്ത്ര്യം നമുക്ക് ലഭിച്ചത് അനായാസമായിരുന്നില്ല. നൂറുകണക്കിന് കലാപങ്ങളും ആയിരക്കണക്കിന് സമരങ്ങളും പതിനായിരക്കണക്കിന് തടവുശിക്ഷകളും എണ്ണമറ്റ ത്യാഗങ്ങളുമാണ് അതിന്റെ അടിത്തറ. വധശിക്ഷ ഏറ്റുവാങ്ങിയവരും ആജീവനാന്ത തടവ് അനുഭവിച്ചവരും നാടുകടത്തപ്പെട്ടവരും സമ്പത്തും കുടുംബവും ജീവിതവും നഷ്ടപ്പെട്ടവരും ഈ ചരിത്രത്തിന്റെ ഭാഗമാണ്. ഗാന്ധിജിയോ നെഹ്റുവോ സർദാർ പട്ടേലോ മാത്രമല്ല; പേരുപോലും ചരിത്രപുസ്തകങ്ങളിൽ രേഖപ്പെടുത്തപ്പെടാത്ത ആയിരക്കണക്കിന് സാധാരണ മനുഷ്യരുടെ ത്യാഗവും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ വിലയാണ്.

### ബ്രിട്ടീഷ് അധിനിവേശം

ഇന്ത്യയുടെ സ്വാതന്ത്ര്യസമരം മനസ്സിലാക്കണമെങ്കിൽ ആദ്യം ബ്രിട്ടീഷ് അധിനിവേശത്തിന്റെ യഥാർഥ സ്വഭാവം മനസ്സിലാക്കണം. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ പ്രധാനലക്ഷ്യം ഇന്ത്യയുടെ വികസനമായിരുന്നില്ല, ഇന്ത്യയുടെ വിഭവങ്ങളും സമ്പത്തും ബ്രിട്ടന്റെ സാമ്പത്തിക താൽപര്യങ്ങൾക്കായി ഉപയോഗിക്കുക എന്നതായിരുന്നു.

1600ൽ വ്യാപാര സ്ഥാപനമായി ഇന്ത്യയിലെത്തിയ ഈസ്റ്റ് ഇന്ത്യാ കമ്പനി ക്രമേണ രാഷ്ട്രീയ അധികാരം കൈവശപ്പെടുത്താൻ തുടങ്ങി. 1757ലെ പ്ലാസി യുദ്ധവും 1764ലെ ബക്സാർ യുദ്ധവും കമ്പനിക്ക് ബംഗാളിന്റെ മേൽ നിയന്ത്രണം നൽകുകയും തുടർന്ന് ഇന്ത്യയുടെ വലിയൊരു ഭാഗം അവരുടെ ഭരണത്തിന് കീഴിലാവുകയും ചെയ്തു. വ്യാപാരത്തിനായി വന്ന കമ്പനി ക്രമേണ ഒരു സാമ്രാജ്യമായി മാറി.

ബ്രിട്ടീഷ് ഭരണത്തിന്റെ ഏറ്റവും വലിയ പ്രത്യാഘാതം ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിലായിരുന്നു. ഒരുകാലത്ത് ലോകത്തിലെ ഏറ്റവും വലിയ വ്യാവസായിക-വാണിജ്യ കേന്ദ്രങ്ങളിലൊന്നായിരുന്ന ഇന്ത്യയെ അസംസ്കൃത വസ്തുക്കളുടെ വിതരണക്കാരനും ബ്രിട്ടീഷ് ഉൽപന്നങ്ങളുടെ വിപണിയുമായി മാറ്റുകയായിരുന്നു കോളനിവാഴ്ചയുടെ പ്രധാന ലക്ഷ്യം. ഇന്ത്യൻ കൈത്തറി വ്യവസായങ്ങൾ തകർന്നു. പരുത്തി, തേയില തുടങ്ങിയ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് കയറ്റുമതി ചെയ്യുകയും ബ്രിട്ടനിൽ നിർമിച്ച ഉൽപന്നങ്ങൾ ഇന്ത്യയിൽ വിറ്റഴിക്കുകയും ചെയ്തു. സാമ്പത്തിക ചരിത്രകാരന്മാർ ഈ പ്രക്രിയയെ ഇന്ത്യയുടെ ‘ഡ്രെയിൻ ഓഫ് വെൽത്ത്’ അഥവാ സമ്പത്തിന്റെ ചോർച്ച എന്നാണ് വിശേഷിപ്പിക്കുന്നത്.

കാർഷിക മേഖലയിലും ബ്രിട്ടീഷ് നികുതി നയങ്ങൾ വലിയ ദുരിതങ്ങൾ സൃഷ്ടിച്ചു. അമിത ഭൂനികുതി, നിർബന്ധിത കൃഷി രീതികൾ, വ്യാപാരവിളകൾക്ക് നൽകിയ മുൻഗണന എന്നിവ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ തകർത്തു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തുനിന്ന് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതി വരെ ഇന്ത്യയിൽ ഉണ്ടായ വലിയ ക്ഷാമങ്ങളിൽ ദശലക്ഷക്കണക്കിന് ആളുകൾ മരണപ്പെട്ടു. പല ചരിത്രകാരന്മാരുടെയും അഭിപ്രായത്തിൽ ഇവയിൽ പലതും പ്രകൃതിദുരന്തങ്ങൾ മാത്രമായിരുന്നില്ല; കോളനിഭരണത്തിന്റെ സാമ്പത്തിക നയങ്ങളും ഭക്ഷ്യ വിതരണത്തിലെ പരാജയങ്ങളും അവയെ കൂടുതൽ രൂക്ഷമാക്കുകയായിരുന്നു.

രാഷ്ട്രീയമായി ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയെ നിയന്ത്രിക്കാൻ നിരവധി മാർഗങ്ങൾ സ്വീകരിച്ചു. ശക്തമായ സൈനിക സംവിധാനം, അടിച്ചമർത്തൽ

**മതപരമായ ആചാരങ്ങൾ തന്നെ സംശയത്തിന്റെ വിഷയമാകുമ്പോൾ സാധാരണ വിശ്വാസികൾ പോലും തങ്ങൾ സ്ഥിരനിരീക്ഷണത്തിലാണെന്ന തോന്നൽ അനുഭവിച്ചേക്കാം. അത് ഭരണകൂടവും ന്യൂനപക്ഷസമൂഹവും തമ്മിലുള്ള വിശ്വാസബന്ധത്തെ ദുർബലമാക്കും. സുരക്ഷാസംവിധാനങ്ങൾ വിജയിക്കണമെങ്കിൽ ജനങ്ങളുടെ സഹകരണവും വിശ്വാസവും അനിവാര്യമാണ്. എന്നാൽ ഒരു സമൂഹം മുഴുവൻ സംശയിക്കപ്പെടുന്നുവെന്ന ബോധം വളർന്നാൽ ആ വിശ്വാസം നഷ്ടപ്പെടാനുള്ള സാധ്യത വർധിക്കും. തീവ്രവാദത്തിനെതിരായ പോരാട്ടം അനിവാര്യമാണ്. എന്നാൽ അത് മതനിഷ്ഠയ്ക്കെതിരായ പോരാട്ടമായി മാറരുത്.**

നിയമങ്ങൾ, മാധ്യമനിയന്ത്രണം, പൊതുയോഗങ്ങൾക്ക് നിയന്ത്രണം എന്നിവയ്ക്കൊപ്പം 'വിഭജിച്ചു ഭരിക്കുക' (Divide and Rule) എന്ന നയവും അവർ വ്യാപകമായി പ്രയോഗിച്ചു. മതപരവും സാമൂഹികവുമായ വിഭജനങ്ങൾ രാഷ്ട്രീയലാഭത്തിനായി ഉപയോഗിക്ക പ്പെട്ടു. ഹിന്ദു-മുസ്‌ലിം ബന്ധങ്ങളിലെ സംഘർഷങ്ങൾ പലപ്പോഴും ഈ കോളനിനയത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ സങ്കീർണമാവുകയും ചെയ്തു.

അതിനാൽ സ്വാതന്ത്ര്യസമരം ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്കെതിരായ ഒരു രാഷ്ട്രീയ കലാപം മാത്രമായിരുന്നില്ല. സാമ്പത്തിക ചൂഷണത്തിനെതിരായ പോരാട്ടം, ദേശീയ അന്തസ്സിനുവേണ്ടിയുള്ള പോരാട്ടം, രാഷ്ട്രീയ സ്വയംനിർണയാവകാശത്തിനുവേണ്ടിയുള്ള പോരാട്ടം, മനുഷ്യാന്തസ്സിനുവേണ്ടിയുള്ള പോരാട്ടം എന്നിവയൊക്കെയായിരുന്നു അത്. ഈ യാഥാർഥ്യം മനസ്സിലാക്കുമ്പോഴാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മഹത്ത്വവും അതിനുവേണ്ടി വിവിധ മതങ്ങളിലും ഭാഷകളിലും പ്രദേശങ്ങളിലുമുള്ള ലക്ഷക്കണക്കിന് ഇന്ത്യക്കാർ നടത്തിയ ത്യാഗത്തിന്റെ ആഴവും നമുക്ക് ശരിക്കും മനസ്സിലാകുന്നത്.

### ഒരു ജനതയുടെ ഉണർവിന്റെ ചരിത്രം

ഇന്ത്യയുടെ സ്വാതന്ത്ര്യസമരം ഏതാനും വർഷങ്ങൾ മാത്രം നീണ്ടുനിന്ന ഒരു രാഷ്ട്രീയ പ്രക്ഷോഭമായിരുന്നില്ല. രണ്ടു നൂറ്റാണ്ടുകളോളം വിവിധ രൂപങ്ങളിൽ നടന്ന പ്രതിരോധങ്ങളുടെയും ജനകീയ പ്രസ്ഥാനങ്ങളുടെയും രാഷ്ട്രീയ മുന്നേറ്റങ്ങളുടെയും ത്യാഗങ്ങളുടെയും സമാഹാരമായിരുന്നു അത്. വിവിധ മതങ്ങളിലും ഭാഷകളിലും ജാതികളിലും പ്രദേശങ്ങളിലുമുള്ള ജനങ്ങൾ, വ്യത്യസ്ത ആശയധാരകൾ പിന്തുടർന്നുകൊണ്ടുതന്നെ, ഒരേ ലക്ഷ്യത്തിനുവേണ്ടി പോരാടിയ അപൂർവ ചരിത്രമാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരം.

ബ്രിട്ടീഷ് ആധിപത്യത്തിനെതിരായ പ്രതിരോധം ആരംഭിച്ചത് 1857ൽ അല്ല. അതിനുമുമ്പുതന്നെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പ്രാദേശിക ഭരണാധികാരികളും കർഷകരും മതനേതാക്കളും ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിക്കെതിരെ നിരവധി കലാപങ്ങൾ നടത്തിയിരുന്നു. ദക്ഷിണേന്ത്യയിൽ ടിപ്പു സുൽത്താനും ഹൈദർ അലിയും ബ്രിട്ടീഷുകാർക്കെതിരെ ശക്തമായി പോരാടി. കേരളത്തിൽ പഴശ്ശി രാജാവും വേലുത്തമ്പി ദളവയും ബ്രിട്ടീഷ് ആധിപത്യത്തെ വെല്ലുവിളിച്ചു. ബംഗാളിലും ബിഹാറിലും സന്യാസി-ഫകീർ പ്രസ്ഥാനങ്ങൾ രൂപപ്പെട്ടു. ഈ ചെറുത്തുനിൽപ്പുകളെല്ലാം പിന്നീട് ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ അടിത്തറയായി മാറി.

1857ലെ കലാപം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ നിർണായക വഴിത്തിരിവായിരുന്നു. ബ്രിട്ടീഷ് ചരിത്രകാരന്മാർ അതിനെ 'സിപ്പായി കലാപം' (Sepoy Mutiny) എന്ന് വിശേഷിപ്പിച്ചെങ്കിലും, ഇന്ത്യൻ ദേശീയ ചരിത്രകാരന്മാർ അതിനെ 'ഇന്ത്യയുടെ ആദ്യ സ്വാതന്ത്ര്യസമരം' എന്നാണ് വിശേഷിപ്പിച്ചത്. ഹിന്ദു-മുസ്‌ലിം സൈനികരും രാജാക്കന്മാരും സാധാരണ ജനങ്ങളും ഒന്നിച്ചുനിന്ന ഈ സമരത്തെ ബ്രിട്ടീഷുകാർ അടിച്ചമർത്തിയെങ്കിലും, ഇന്ത്യക്കാരിൽ ദേശീയബോധം വളർത്തുന്നതിൽ അതിന് വലിയ പങ്കുണ്ടായി.

1885ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിക്കപ്പെട്ടതോടെ സ്വാതന്ത്ര്യസമരം സംഘടിത രാഷ്ട്രീയ രൂപം കൈവരിച്ചു. ആദ്യകാലത്ത് ഭരണഘടനാപരമായ പരിഷ്കാരങ്ങളും കൂടുതൽ ഇന്ത്യൻ പ്രാതിനിധ്യവുമായിരുന്നു കോൺഗ്രസിന്റെ പ്രധാന ആവശ്യങ്ങൾ. എന്നാൽ ക്രമേണ സ്വരാജ് എന്ന ആശയം ശക്തമായി ഉയർന്നുവന്നു.

1905ലെ ബംഗാൾ വിഭജനത്തിനെതിരായ സ്വദേശി പ്രസ്ഥാനം ദേശീയ പ്രസ്ഥാനത്തിന് പുതിയ ഊർജം നൽകി. വിദേശ ഉൽപന്നങ്ങൾ ബഹിഷ്കരിക്കുക, സ്വദേശി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ജനകീയ പ്രസ്ഥാനമായി വളർന്നു. ബാൽഗംഗാധർ തിലക്, ലാലാ ലജ്പത് റായ്, ബിപിൻ ചന്ദ്രപാൽ എന്നിവർ ഈ ഘട്ടത്തിലെ പ്രധാന നേതാക്കളായിരുന്നു.

തുടർന്ന് ഗാന്ധിയുടെ നേതൃത്വത്തിൽ നിസ്സഹകരണ പ്രസ്ഥാനം, ഉപ്പുസത്യാഗ്രഹം, സിവിൽ നിയമലംഘന സമരം, ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം തുടങ്ങിയ ജനകീയ മുന്നേറ്റങ്ങൾ രാജ്യവ്യാപകമായി രൂപപ്പെട്ടു. അഹിംസയും സത്യാഗ്രഹവും ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് പുതിയ മുഖം നൽകി. അതേസമയം ഭഗത് സിംഗ്, ചന്ദ്രശേഖർ ആസാദ്, സൂര്യസെൻ തുടങ്ങിയ വിപ്ലവകാരികൾ സായുധ പ്രതിരോധത്തിന്റെ വഴി സ്വീകരിച്ചു. സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ച ഇന്ത്യൻ നാഷണൽ ആർമിയും (INA) ബ്രിട്ടീഷ് സാമ്രാജ്യത്തെ സമ്മർദത്തിലാക്കുന്നതിൽ നിർണായക പങ്കുവഹിച്ചു.




**ടിപ്പു സുൽത്താനും ഭഗത് സിംഗും അഷ്ഫാഖുല്ലാ ഖാനും ഗാന്ധിജിയും അബുൽ കലാം ആസാദും, ഖാൻ അബ്ദുൽ ഗഫ്ഫാർ ഖാനും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും പേരറിയാത്ത ഒട്ടേറെ ദേശസ്നേഹികളും സ്വപ്നം കണ്ട ഇന്ത്യ ഒരു പ്രത്യേക മതത്തിന്റെ രാജ്യമല്ലായിരുന്നു. ഓരോ പൗരനും തുല്യ അന്തസ്സോടെ ജീവിക്കുന്ന, വൈവിധ്യത്തെ ബഹുമാനിക്കുന്ന, സ്വാതന്ത്ര്യം എല്ലാവർക്കും ഒരുപോലെ അനുഭവിക്കാവുന്ന ഒരു ഇന്ത്യയായിരുന്നു അവരുടെ സ്വപ്നം.**

സ്വാതന്ത്ര്യസമരം ഒരൊറ്റ നേതാവിന്റെയോ ഒരൊറ്റ സംഘടനയുടെയോ സൃഷ്ടിയായിരുന്നില്ല. ഗാന്ധിജിയുടെ അഹിംസയും സുഭാഷ് ചന്ദ്രബോസിന്റെ സായുധ പോരാട്ടവും, ഭരണഘടനാപരമായ രാഷ്ട്രീയവും തൊഴിലാളി-കർഷക പ്രസ്ഥാനങ്ങളും, പത്രപ്രവർത്തനവും സാഹിത്യവും, വിദ്യാർഥി പ്രസ്ഥാനങ്ങളും മതപണ്ഡിതന്മാരുടെ ഇടപെടലുകളും എല്ലാം അതിന്റെ ഭാഗമായിരുന്നു.

അവസാനം 1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വാതന്ത്ര്യം നേടി. എന്നാൽ ആ സ്വാതന്ത്ര്യത്തോടൊപ്പം രാജ്യവിഭജനത്തിന്റെ വേദനയും മതകലാപങ്ങളുടെ ദുരന്തവും ലക്ഷക്കണക്കിന് അഭയാർഥികളുടെ കണ്ണീരും ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ ചരിത്രം വിജയത്തിന്റെ മാത്രം ചരിത്രമല്ല; വലിയ ത്യാഗത്തിന്റെയും വിലയുടെയും ചരിത്രം കൂടിയാണ്.

### സ്വാതന്ത്ര്യസമരത്തിൽ മുസ്‌ലിംകളുടെ സംഭാവന

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള സമകാലിക ചർച്ചകളിൽ ഏറ്റവും കൂടുതൽ

**മതം, ഭാഷ, ജാതി, പ്രദേശം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനമില്ലാതെ എല്ലാവർക്കും തുല്യ അവകാശങ്ങളുള്ള ഒരു ജനാധിപത്യ രാഷ്ട്രം എന്ന സ്വപ്നത്തിന് ഭരണഘടന നിയമരൂപം നൽകി. എന്നാൽ സ്വാതന്ത്ര്യത്തിന് ശേഷം എട്ട് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഇന്ത്യ ആ ദിശയിലാണോ സഞ്ചരിക്കുന്നത് എന്ന ചോദ്യം ഇന്ന് ഗൗരവമായി ഉയർന്നുവരുന്നുണ്ട്.**

വളച്ചൊടിക്കപ്പെടുന്ന വിഷയങ്ങളിലൊന്നാണ് മുസ്‌ലിംകളുടെ പങ്ക്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി മുസ് ലിംകൾ കാര്യമായ സംഭാവന നൽകിയിട്ടില്ലെന്ന പ്രചാരണം ഇന്ന് ചില രാഷ്ട്രീയ കേന്ദ്രങ്ങളിൽനിന്ന് ബോധപൂർവം ഉയർത്തപ്പെടുന്നു. എന്നാൽ ചരിത്രരേഖകളും ഗവേഷണങ്ങളും പരിശോധിക്കുമ്പോൾ ഈ വാദത്തിന് യാഥാർഥ്യവുമായി യാതൊരു ബന്ധവുമില്ലെന്ന് വ്യക്തമാണ്.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ഏറ്റവും ശക്തമായി ചെറുത്തുനിന്ന ആദ്യ ഭരണാധികാരികളിൽ ഒരാളായിരുന്നു ടിപ്പു സുൽത്താൻ. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ വിപുലീകരണത്തെ തടയാൻ അദ്ദേഹം നടത്തിയ പോരാട്ടം ഇന്ത്യൻ ദേശീയബോധത്തിന്റെ ആദ്യകാല പ്രതീകങ്ങളിലൊന്നാണ്. 1799 ൽ ശ്രീരംഗപട്ടണത്ത് അദ്ദേഹം രക്തസാക്ഷിയായി.

1857ലെ സ്വാതന്ത്ര്യസമരത്തിൽ അവസാന മുഗൾ ചക്രവർത്തിയായ ബഹദൂർ ഷാ സഫർ വിപ്ലവത്തിന്റെ പ്രതീകാത്മക നേതാവായി ഉയർന്നു. വിപ്ലവം പരാജയപ്പെട്ടതോടെ അദ്ദേഹത്തെ ബ്രിട്ടീഷുകാർ റംഗൂണിലേക്ക് നാടുകടത്തി. അവിടെവച്ചാണ് അദ്ദേഹം അന്തരിച്ചത്.

ഇരുപതാം നൂറ്റാണ്ടിൽ മൗലാന അബുൽ കലാം ആസാദ് സ്വാതന്ത്ര്യസമരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദേശീയ നേതാക്കളിൽ ഒരാളായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായി അദ്ദേ ഹം നിരവധി തവണ തിരഞ്ഞെടുക്കപ്പെട്ടു. മതനിരപേക്ഷ ഇന്ത്യയുടെ ശക്തമായ വക്താവായിരുന്നു അദ്ദേഹം. ഇന്ത്യ വിഭജിക്കപ്പെടരുതെന്ന് അവസാന നിമിഷംവരെ വാദിച്ച നേതാക്കളിൽ പ്രമുഖനായിരുന്നു മൗലാന ആസാദ്.

ഖാൻ അബ്ദുൽ ഗഫ്ഫാർ ഖാൻ അഹിംസയുടെ പാത സ്വീകരിച്ച മുസ്‌ലിം നേതാവായിരുന്നു. അദ്ദേഹത്തിന്റെ 'ഖുദായി ഖിദ്മത്ഗാർ' പ്രസ്ഥാനം ബ്രിട്ടീഷ് ഭരണത്തിനെതിരെ അഹിംസാപരമായ പോരാട്ടം നയിച്ചു. ജീവിതത്തിന്റെ വലിയൊരു ഭാഗം അദ്ദേഹം ജയിലുകളിൽ ചെലവഴിച്ചു.

വിപ്ലവകാരികളിൽ അഷ്ഫാഖുള്ള ഖാൻ പ്രത്യേക സ്ഥാനമർഹിക്കുന്നു. കാകോരി ഗൂഢാലോചന കേസിൽ ഭഗത് സിംഗിന്റെയും രാം പ്രസാദ് ബിസ്മിലിന്റെയും സഹപ്രവർത്തകനായിരുന്ന അദ്ദേഹം 1927ൽ വധശിക്ഷയ്ക്ക് വിധേയനായി. വധശിക്ഷയ്ക്ക് മുമ്പ് അദ്ദേഹം പ്രകടിപ്പിച്ച രാജ്യസ്നേഹം ഇന്നും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മഹത്തായ അധ്യായമാണ്.

മൗലാന മുഹമ്മദ് അലി, മൗലാന ഷൗക്കത്ത് അലി, ഹകീം അജ്മൽ ഖാൻ, ഡോ. മുഖ്താർ അഹമ്മദ് അൻസാരി, ഹസ്രത് മൊഹാനി, ഉബൈദുല്ലാ സിന്ധി തുടങ്ങി നിരവധി മുസ്‌ലിം നേതാക്കൾ വിവിധ ഘട്ടങ്ങളിൽ സ്വാതന്ത്ര്യസമരത്തെ നയിച്ചു. ദാറുൽ ഉലൂം ദയൂബന്ദ് ഉൾപ്പെടെയുള്ള നിരവധി ഇസ്‌ലാമിക സ്ഥാപനങ്ങളും ബ്രിട്ടീഷ്‌വിരുദ്ധ ദേശീയപ്രസ്ഥാനത്തിൽ സജീവ പങ്കുവഹിച്ചു. സിൽക്ക് ലെറ്റർ മൂവ്മെന്റ് (Reshmi Rumal Tehreek), ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് തുടങ്ങിയ പ്രസ്ഥാനങ്ങൾ കോളനി വാഴ്ചയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ചു.

കേരളത്തിലും മുസ്‌ലിംകളുടെ സംഭാവന വളരെ പ്രധാനപ്പെട്ടതായിരുന്നു. വക്കം മൗലവി സാമൂഹിക-വിദ്യാഭ്യാസ നവോത്ഥാനത്തിലൂടെ ദേശീയബോധം വളർത്തുന്നതിൽ വലിയ പങ്കുവഹിച്ചു. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് മലബാറിൽ ദേശീയപ്രസ്ഥാ

നത്തിന്റെ പ്രധാന നേതാക്കളിൽ ഒരാളായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിരവധി യുവാക്കൾ സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളായി. മലബാറിലെ നിരവധി ഉലമാക്കളും സാമൂഹിക പ്രവർത്തകരും ബ്രിട്ടീഷ് വിരുദ്ധ പ്രസ്ഥാനങ്ങളിൽ സജീവമായി ഇട പെട്ടു. 1921ലെ മലബാർ കലാപത്തെക്കുറിച്ച് ചരിത്രകാരന്മാർക്കിടയിൽ വ്യത്യസ്ത വിലയിരുത്തലുകളുണ്ടെങ്കിലും, ബ്രിട്ടീഷ് കോളനിഭരണത്തിനെതിരായ ശക്തമായ വികാരവും കർഷകസമൂഹത്തിന്റെ അസം തൃപ്തിയും അതിന്റെ പശ്ചാത്തലത്തിലുണ്ടായിരുന്നുവെന്നത് നിഷേധിക്കാനാവില്ല. അതുകൊണ്ടുതന്നെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രത്തെ മതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കാനുള്ള ശ്രമങ്ങൾ ചരിത്രത്തോടുള്ള അനീതിയാണ്. സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച ഓരോ ഇന്ത്യക്കാരനും ഈ രാജ്യത്തിന്റെ സംയുക്ത പൈതൃകത്തിന്റെ ഭാഗമാണ്.

**ഭരണഘടന**

1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്രമായപ്പോൾ ഒരു വലിയ ചോദ്യം രാജ്യത്തിന് മുന്നിലുണ്ടായിരുന്നു. ബ്രിട്ടീഷുകാരെ പുറത്താക്കിയ ശേഷം എങ്ങനെയുള്ള ഇന്ത്യയാണ് നാം നിർമിക്കേണ്ടത്? ഈ ചോദ്യത്തിനുള്ള ഉത്തരമായിരുന്നു 1950 ജനുവരി 26ന് നിലവിൽ വന്ന ഇന്ത്യൻ ഭരണഘടന.

ഭരണഘടന വെറും നിയമങ്ങളുടെ സമാഹാരമല്ല. സ്വാതന്ത്ര്യസമരത്തിന്റെ ആദർശങ്ങളെ നിയമരൂപത്തിൽ അവതരിപ്പിച്ച രേഖയാണ് അത്. സ്വാതന്ത്ര്യത്തിനായി ജീവൻ നൽകിയ ലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ സ്വപ്നങ്ങളെ ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാനതത്വങ്ങളാക്കി മാറ്റിയ രേഖ. ഭരണഘടനയുടെ ആമുഖം (Preamble) ഇന്ത്യയെ പരമാധികാര, സോഷ്യലിസ്റ്റ്, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക് എന്നാണ് വിശേഷിപ്പിക്കുന്നത്. എല്ലാ പൗരന്മാർക്കും നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം ഉറപ്പാക്കുക എന്നതാണ് അതിന്റെ ലക്ഷ്യം. ഈ മൂല്യങ്ങൾ സ്വാതന്ത്ര്യസമരത്തിന്റെ ആത്മാവിൽ നിന്നാണ് ഉരുത്തിരിഞ്ഞത്.



അനുച്ഛേദം 14 എല്ലാ പൗരന്മാരും നിയമത്തിന് മുന്നിൽ തുല്യരാണെന്ന് പ്രഖ്യാപിക്കുന്നു. അനുച്ഛേദം 15 മതം, ജാതി, ലിംഗം, ജന്മസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിക്കുന്നു. അനുച്ഛേദം 19 അഭിപ്രായസ്വാതന്ത്ര്യം, സമാധാനപരമായ സമ്മേളനം, സംഘടന രൂപീകരിക്കൽ തുടങ്ങിയ ജനാധിപത്യാവകാശങ്ങൾ ഉറപ്പുനൽകുന്നു. അനുച്ഛേദങ്ങൾ 25 മുതൽ 28 വരെ ഓരോ പൗരനും തന്റെ മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം നൽകുന്നു.

ഭരണഘടനയുടെ ശിൽപിയായ ഡോ. ബി. ആർ. അംബേദ്കർ ഭരണഘടന അംഗീകരിച്ച ദിവസം നടത്തിയ പ്രസംഗത്തിൽ ഒരു നിർണായക മുന്നറിയിപ്പ് നൽകിയിരുന്നു. രാഷ്ട്രീയ ജനാധിപത്യം നേടിയ ഇന്ത്യ സാമൂഹികവും സാമ്പത്തികവുമായ നീതി ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടാൽ ജനാധിപത്യം തന്നെ അപകടത്തിലാകുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അധികാരത്തിൽ ഇരിക്കുന്നവർ ഭരണഘടനയുടെ ആത്മാവിനെ മാനിക്കാതിരുന്നാൽ ഏറ്റവും മികച്ച ഭരണഘടന പോലും ഫലപ്രദമാകില്ലെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഗാന്ധിയുടെ സ്വരാജ് എന്ന ആശയവും ബ്രിട്ടീഷുകാരെ പുറ

ത്താക്കുക എന്നതിലൊതുങ്ങിയിരുന്നില്ല. ഓരോ പൗരനും അന്തസ്സോടെ ജീവിക്കുന്ന സമൂഹം, മതസൗഹാർദം, ഗ്രാമവികസനം, സാമൂഹിക നീതി എന്നിവയായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. സ്വാതന്ത്ര്യസമരം നമുക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം നൽകി. ഭരണഘടന ആ സ്വാതന്ത്ര്യത്തിന് ദിശയും ലക്ഷ്യവും നൽകി. അതിനാൽ ഭരണഘടനയെ സംരക്ഷിക്കുന്നത് ഒരു നിയമപരമായ ബാധ്യത മാത്രമല്ല; സ്വാതന്ത്ര്യസമര സേനാനികളുടെ ത്യാഗത്തോടുള്ള നമ്മുടെ ആദരവുമാണ്.

### സ്വാതന്ത്ര്യത്തിന്റെ സ്വപ്നവും സമകാലിക ഇന്ത്യയും

മതം, ഭാഷ, ജാതി, പ്രദേശം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനമില്ലാതെ എല്ലാവർക്കും തുല്യ അവകാശങ്ങളുള്ള ഒരു ജനാധിപത്യ രാഷ്ട്രം എന്ന സ്വപ്നത്തിന് ഭരണഘടന നിയമരൂപം നൽകി. എന്നാൽ സ്വാതന്ത്ര്യത്തിന് ശേഷം എട്ട് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഇന്ത്യ ആ ദിശയിലാണോ സഞ്ചരിക്കുന്നത് എന്ന ചോദ്യം ഇന്ന് ഗൗരവമായി ഉയർന്നുവരുന്നുണ്ട്.

സമീപകാല വർഷങ്ങളിൽ ഇന്ത്യയിൽ മതധ്രുവീകരണം വർധിക്കുന്നു. തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ മതപരമായ വികാരങ്ങൾ കൂടുതൽ ഉപയോഗിക്കപ്പെടുന്നു. ന്യൂനപക്ഷങ്ങളെക്കുറിച്ചുള്ള ഭീതിയും സംശയവും വളർത്തുന്ന രാഷ്ട്രീയ പ്രചാരണങ്ങൾ പൊതുസമൂഹത്തിൽ കൂടുതൽ സ്വാധീനം ചെലുത്തുന്നു. സമൂഹത്തെ ഐക്യപ്പെടുത്തേണ്ട രാഷ്ട്രീയം പലപ്പോഴും വിഭജനത്തിന്റെ ഭാഷ സ്വീകരിക്കുന്നു. പ്രത്യേകിച്ച് മുസ്‌ലിം സമൂഹത്തെ

**പൗരത്വ ഭേദഗതി നിയമം (CAA), ദേശീയ പൗരത്വ രജിസ്റ്റർ (NRC) സംബന്ധിച്ച വിവാദങ്ങൾ, വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ 'ബുൾ ഡോസർ രാഷ്ട്രീയം,' ആരാധനാലയങ്ങളെ ചുറ്റിപ്പറ്റിയുള്ള തർക്കങ്ങൾ, വഖഫ് സ്വത്തുകളുമായി ബന്ധപ്പെട്ട നിയമഭേദഗതികൾ, ചില പള്ളികൾക്കും മദ്റസകൾക്കുമെതിരായ നടപടികൾ, വിദ്വേഷ പ്രസംഗങ്ങൾ, മോബ് ലിഞ്ചിങ് സംഭവങ്ങൾ തുടങ്ങിയവ രാജ്യത്തെ ന്യൂനപക്ഷങ്ങളിൽ സുരക്ഷയെക്കുറിച്ചുള്ള ആശങ്കകൾ വർധിപ്പിച്ചിട്ടുണ്ട്.**

ബാധിക്കുന്ന നിരവധി സംഭവങ്ങൾ രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് കാരണമായിട്ടുണ്ട്. പൗരത്വ ഭേദഗതി നിയമം (CAA), ദേശീയ പൗരത്വ രജിസ്റ്റർ (NRC) സംബന്ധിച്ച വിവാദങ്ങൾ, വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ 'ബുൾ ഡോസർ രാഷ്ട്രീയം,' ആരാധനാലയങ്ങളെ ചുറ്റിപ്പറ്റിയുള്ള തർക്കങ്ങൾ, വഖഫ് സ്വത്തുകളുമായി ബന്ധപ്പെട്ട നിയമഭേദഗതികൾ, ചില പള്ളികൾക്കും മദ്റസകൾക്കുമെതിരായ നടപടികൾ, വിദ്വേഷ പ്രസംഗങ്ങൾ, മോബ് ലിഞ്ചിങ് സംഭവങ്ങൾ തുടങ്ങിയവ രാജ്യത്തെ ന്യൂനപക്ഷങ്ങളിൽ സുരക്ഷയെക്കുറിച്ചുള്ള ആശങ്കകൾ വർധിപ്പിച്ചിട്ടുണ്ട്.

ഇവയിൽ പല വിഷയങ്ങളും കോടതികളിലും പൊതുസമൂഹത്തിലും ശക്തമായ ചർച്ചകൾക്ക് വിധേയമായിട്ടുണ്ട്. സർക്കാരിന്റെ നടപടികൾ ദേശീയ സുരക്ഷയ്ക്കും നിയമനടപ്പാക്കലിനും വേണ്ടിയാണെന്ന നിലപാട് ഭരണകൂടം മുന്നോട്ടുവയ്ക്കുമ്പോൾ, ഭരണഘടന ഉറപ്പുനൽകുന്ന സമത്വത്തിനും മതസ്വാതന്ത്ര്യത്തിനും ന്യൂനപക്ഷാവകാശങ്ങൾക്കും വെല്ലുവിളി ഉയരുന്നുവെന്നത് യാഥാർഥ്യമാണ്. ഈ വ്യത്യസ്ത നിലപാടുകൾക്കിടയിൽ ഭരണഘടനയുടെ ആത്മാവും നിയമവാഴ്ചയും സംരക്ഷിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്.

ഇതോടൊപ്പം ജനാധിപത്യ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും ആശങ്കകൾ ഉയരുന്നുണ്ട്. പാർലമെന്റിലെ ചർച്ചകളുടെ നിലവാരം, അന്വേഷണ ഏജൻസികളുടെ നിഷ്പക്ഷത, മാധ്യമസ്വാതന്ത്ര്യം, സർവകലാശാലകളിലെ അഭിപ്രായസ്വാതന്ത്ര്യം, പൗരസമൂഹ സംഘടനകൾ നേരിടുന്ന നിയന്ത്രണങ്ങൾ എന്നിവയെക്കുറിച്ച് രാജ്യത്തിനകത്തും അന്താരാഷ്ട്ര തലത്തിലും നിരന്തരം ചർച്ചകൾ നടക്കുന്നു. ജനാധി

പത്യം തിരഞ്ഞെടുപ്പുകളിൽ മാത്രം ഒതുങ്ങുന്നില്ല; സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യവും നിയമവാഴ്ചയും ശക്തമായ പ്രതിപക്ഷവും സ്വതന്ത്ര മാധ്യമങ്ങളും സജീവ പൗരസമൂഹവുമാണ് അതിന്റെ അടിത്തറ. സ്വാതന്ത്ര്യം നിലനിർത്തണമെങ്കിൽ അധികാരവും ഭരണഘടനയും തമ്മിലുള്ള സന്തുലനം സംരക്ഷിക്കപ്പെടണം. അല്ലാത്തപക്ഷം രാഷ്ട്രീയ സ്വാതന്ത്ര്യമുണ്ടെങ്കിലും ജനാധിപത്യത്തിന്റെ ആത്മാവ് ക്രമേണ ദുർബലമാകും.

**ഇന്ത്യയുടെ ഭാവി?**

1947ൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ, നൂറുകണക്കിന് ഭാഷകളും സംസ്കാരങ്ങളും മതങ്ങളും വംശങ്ങളും ഉൾക്കൊള്ളുന്ന ഒരു രാജ്യം ജനാധിപത്യമായി നിലനിൽക്കുമോ എന്ന സംശയം ലോകത്തിലെ പല രാഷ്ട്രീയ നിരീക്ഷകരും പ്രകടിപ്പിച്ചിരുന്നു. എന്നാൽ എല്ലാ വെല്ലുവിളികളെയും അതിജീവിച്ച് ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യമായി വളർന്നു. ഇന്ന് വീണ്ടും ഇന്ത്യ ഒരു ചരിത്രപരമായ വഴിത്തിരിവിലാണ്.

എന്നാൽ  പ്രത്യാശ നഷ്ടപ്പെടാൻ ചരിത്രം നമ്മെ അനുവദിക്കുന്നില്ല. സ്വാതന്ത്ര്യസമരകാലത്ത് ബ്രിട്ടീഷ് സാമ്രാജ്യത്തെ പരാജയപ്പെടുത്താൻ ഇന്ത്യക്ക് കഴിയുമെന്ന് പലരും വിശ്വസിച്ചിരുന്നില്ല. പക്ഷേ,  അസാധ്യമായി തോന്നിയത് സാധ്യമായി. അടിയന്തരാവസ്ഥയുടെ കാലത്തും ഇന്ത്യൻ ജനാധിപത്യം തിരിച്ചുവരുമെന്ന് പലരും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ ജനങ്ങൾ ജനാധിപത്യത്തെ വീണ്ടെടുത്തു. ചരിത്രം പലവട്ടം തെളിയിച്ചത് ഇന്ത്യയുടെ ഏറ്റവും വലിയ ശക്തി അതിന്റെ ജനങ്ങളാണെന്നതാണ്. അതുകൊണ്ടുതന്നെ ഇന്നത്തെ പ്രതിസന്ധികൾക്കും പരിഹാരം വിദ്വേഷത്തിലോ പ്രതികാരത്തിലോ അല്ല. ഭരണഘടനയിലേക്കുള്ള മടങ്ങിവരവിലും ജനാധിപത്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിലും മതങ്ങൾ തമ്മിലുള്ള പരസ്പര ബഹുമാനത്തിലും, സത്യസന്ധമായ പൊതുസംവാദത്തിലുമാണ്.

**സ്വാതന്ത്ര്യത്തെ സംരക്ഷിക്കേണ്ട കാലം**

ടിപ്പു സുൽത്താനും ഭഗത് സിംഗും അഷ്ഫാഖുല്ലാ ഖാനും ഗാന്ധിജിയും അബുൽ കലാം ആസാദും, ഖാൻ അബ്ദുൽ ഗഫ്ഫാർ ഖാനും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും പേരറിയാത്ത ഒട്ടേറെ ദേശസ്നേഹികളും സ്വപ്നം കണ്ട ഇന്ത്യ ഒരു പ്രത്യേക മതത്തിന്റെ രാജ്യമല്ലായിരുന്നു. ഓരോ പൗരനും തുല്യ അന്തസ്സോടെ ജീവിക്കുന്ന, വൈവിധ്യത്തെ ബഹുമാനിക്കുന്ന, സ്വാതന്ത്ര്യം എല്ലാവർക്കും ഒരുപോലെ അനുഭവിക്കാവുന്ന ഒരു ഇന്ത്യയായിരുന്നു അവരുടെ സ്വപ്നം.

ഇന്ന് നാം നമ്മളോട് തന്നെ ചോദിക്കണം. സ്വാതന്ത്ര്യത്തിന്റെ യഥാർഥ അർഥം നാം സംരക്ഷിക്കുന്നുണ്ടോ? വ്യത്യസ്ത അഭിപ്രായങ്ങളുള്ളവരുടെ അവകാശങ്ങളെ മാനിക്കുന്നുണ്ടോ? ന്യൂനപക്ഷങ്ങളുടെ സുരക്ഷയെ ഭൂരിപക്ഷത്തിന്റെ മഹത്വത്തിന്റെ ഭാഗമായാണോ കാണുന്നത്? ഈ ചോദ്യങ്ങൾക്ക് നാം നൽകുന്ന ഉത്തരങ്ങളാണ് ഇന്ത്യയുടെ ഭാവി നിർണയിക്കുക.

ഇന്ത്യയുടെ ഭരണഘടന ഉറപ്പുനൽകുന്ന നീതിയും മതസ്വാതന്ത്ര്യവും മനുഷ്യാന്തസ്സും സംരക്ഷിക്കപ്പെടേണ്ട മൂല്യങ്ങളാണ്. അതുകൊണ്ടുതന്നെ ഈ രാജ്യത്തിന്റെ നന്മയ്ക്കും ഐക്യത്തിനും വേണ്ടി പ്രവർത്തിക്കുന്നത് പൗരധർമം മാത്രമല്ല, ഒരു വിശ്വാസിയുടെ ധാർമിക ഉത്തരവാദിത്തം കൂടിയാണ്.

ഡോ.ബി.ആർ.അംബേദ്കറുടെ വാക്കുകളും ഇവിടെ സ്മരണീയമാണ്: ‘ഭരണഘടന എത്ര നല്ലതായാലും അത് നടപ്പാക്കുന്നവർ നല്ലവരല്ലെങ്കിൽ അത് പരാജയപ്പെടും; ഭരണഘടന എത്ര മോശമായാലും അത് നടപ്പാക്കുന്നവർ നല്ലവരാണെങ്കിൽ അത് വിജയിക്കും.’

സ്വാതന്ത്ര്യം ഒരിക്കൽ നേടിയെടുത്തതുകൊണ്ട് എന്നെന്നേക്കുമായി ഉറപ്പിക്കപ്പെട്ട ഒരു നേട്ടമല്ല. ഓരോ തലമുറയും അതിനെ വീണ്ടും സംരക്ഷിക്കണം. ഓരോ പൗരനും അതിനെ വീണ്ടും അർഥവത്താക്കണം. ഓരോ സ്വാതന്ത്ര്യദിനവും നമ്മെ ഓർമിപ്പിക്കേണ്ടത് ഇതാണ്: ഇന്ത്യയെ സ്വതന്ത്രമാക്കിയത് നമ്മുടെ പൂർവികരാണ്. ഇന്ത്യയെ നീതിയുള്ളതും ഐക്യപൂർണവും നിലനിർത്തേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. ■




# വിവിധ സംസ്കാരങ്ങളിലെ സ്വൂഫി സമാനതകൾ

മുഹമ്മദ് ഫയാസ്, നാദാപുരം

ഹൈന്ദവരുടെ അടുക്കൽ സ്വൂഫി ശൈലിയിലുള്ള ആചാരങ്ങളും വിശ്വാസങ്ങളും കാണാം, പ്രത്യേകിച്ച് 'വഹ്ദത്തുൽ വുജൂദ്' (പ്രപഞ്ചം മുഴുവൻ ദൈവമാണ് എന്ന ചിന്ത), 'ഖൽവത്ത്' (ഏകാന്തവാസം), മൗനം, പട്ടിണികിടക്കൽ, ഉറക്കമൊഴിക്കൽ എന്നിവ ഉദാഹരണം. അവർ പ്രത്യേക ശ്വസനരീതികളും ധ്യാന സദസ്സുകളും (മെഡിറ്റേഷൻ), ദൃഷ്ടിയും ചിന്തയും ഒരു കേന്ദ്രത്തിൽ കേന്ദ്രീകരിക്കലുമൊക്കെ ചെയ്യാറുണ്ടായിരുന്നു; ഇതും സ്വൂഫി 'ആത്മീയ വ്യായാമങ്ങൾ'ക്ക് സമാനമാണ്.

അറബ് ഉപദ്വീപിന്റെ കിഴക്കേ അതിർത്തിയിലുള്ള പേർഷ്യൻ സാമ്രാജ്യം പുരാതന സംസ്കാരവും വിശ്വാസങ്ങളുമുള്ള നാടായിരുന്നു. അവിടെ സൊരാസ്ട്രിയനിസവും മാനിചേയിസവുമുണ്ട് (മൂന്നാം നൂറ്റാണ്ടിൽ 'പേർഷ്യൻ പ്രവാചകനായ' മാനി (Mani) സ്ഥാപിച്ച ഒരു പുരാതന മതമാണ് മാനിചേയിസം. പ്രകാശവും (നന്മ) അന്ധകാരവും (തിന്മ) തമ്മിലുള്ള നിരന്ത

**ഹിജ്റ മൂന്നും നാലും നൂറ്റാണ്ടുകളിലെ തസ്വവ്വുഫിന്റെ നേതാക്കളെ പരിശോധിച്ചാൽ അവരിൽ ഭൂരിഭാഗവും പേർഷ്യക്കാ രായിരുന്നു എന്നുകാണാം. അവരിൽ അറബികൾ ആരുംതന്നെ ഇല്ലായിരുന്നു എന്നു പറയാം. അക്കാലത്തെ ഏറ്റവും പ്രശസ്തനായ സ്വൂഫിയായിരുന്നു അബൂ യസീദ് അൽബിസ്താമി. അന്നത്തെ തസ്വവ്വു ഫിന്റെയാളുകൾ കൂടുതൽ ശീഈ (ശിയാ) വസ്ത്രമാണ് ധരിച്ചിരുന്നത്; കാരണം അത് വ്യാപിച്ചിരുന്ന മേഖലകൾ പ്രധാനമായും ഇറാനും ഇറാഖുമായിരുന്നു. ശീഇകൾക്ക് രാഷ്ട്രീയത്തിൽ സാന്നിധ്യമുണ്ടായിരുന്നതു പോലെ സ്വൂഫിസത്തിനും രാഷ്ട്രീയത്തിൽ സാന്നിധ്യമുണ്ടാകാൻ തുടങ്ങി.**

രമായ പോരാട്ടത്തെക്കുറിച്ചുള്ള ആശയമാണ് ഇതിന്റെ കാതൽ. ബുദ്ധമതം, സൊരാസ്ട്രിയനിസം, ക്രിസ്തുമതം എന്നിവയുടെ സങ്കലനമാണ് ഈ മതം. ഈ മതങ്ങളു ടെയെല്ലാം അടിസ്ഥാനം 'വഹ്ദത്തുൽ വുജൂദ്' എന്ന ആശയമാണ്, പ്രകാശത്തെയും ഇരുട്ടിനെയും കുറിച്ചാണ് അവ സംസാരിക്കുന്നത്; അതായത് പിന്നീട് നമ്മൾ സ്വൂഫികൾക്കിടയിൽ കണ്ട അതേ ആശയം.

ഗ്രീക്കുകാർ കിഴക്കോട്ട് പടയോട്ടം നടത്തിയപ്പോൾ അവർ തങ്ങളുടെ തത്ത്വചിന്തയും കൂടെ കൊണ്ടുപോയി, കിഴക്കുള്ളവർ അത് ആദ്യമായി പരിചയപ്പെട്ടു. നമ്മൾ നേരത്തെ പറഞ്ഞ 'എലൂസിനിയൻ രഹസ്യങ്ങളെ'ക്കുറിച്ചാണ് അത് സംസാരിക്കുന്നത്. ധ്യാനവും രഹസ്യങ്ങളും കഹാനത്തും തമ്മിൽ കലർന്നതായിരുന്നു അത്.

പിന്നീട് ക്രിസ്തുമതം വരികയും അത് ഗ്രീക്കുകാർക്കിടയിൽ പ്രബലമായ മതമാവുകയും ചെയ്തപ്പോൾ ഈ എലൂസിനിയൻ ആശയങ്ങൾ മാറി 'ജ്ഞാനവാദം' (Gnosticism) ആയി മാറി. ജ്ഞാനവാദ ത്തിലെ വലിയവനെ 'ആരിഫ്' എന്നാണ് വിളിച്ചിരുന്നത്. സൂഫികൾക്കിടയിലെ 'ആരിഫ് ബില്ലാഹ്' എന്നത് പോലെത്തന്നെ!

വിചിത്രമെന്നു പറയട്ടെ, ഈ സ്വൂഫി ആശയങ്ങൾ ജൂതന്മാർക്കിടയിലും കാണാം. ജൂതന്മാർക്ക് അവരുടെതായ പ്രത്യേക സ്വൂഫിസമുണ്ട്, അതിനെ 'തനബ്ബുഅ്' (പ്രവചനം) എന്ന് വിളിക്കുന്നു. അതിൽ ഉയർന്ന ഘട്ടത്തിൽ എത്തുന്നവനെ 'നബി' എന്ന് വിളിക്കുന്നു. ജൂതന്മാർക്കിടയിലെ വലിയ ശൈഖിനെ 'സ്വൂഫ്' അല്ലെങ്കിൽ 'സ്വൂഫി' എന്ന് വിളിക്കുന്നു.

ചുരുക്കം ഇതാണ്: പ്രവാചകന്റെ നിയോഗത്തിന് മുമ്പുതന്നെ അറബികൾ, ഇന്ത്യക്കാർ, പേർഷ്യക്കാർ, ഗ്രീക്കുകാർ എന്നിവർക്കിടയിലും ജൂത-ക്രൈസ്തവ മതങ്ങൾക്കുള്ളിലും സ്വൂഫിസം നിലനിന്നിരുന്നു, അത് ഒരു തരത്തിലും ഇസ്‌ലാമിക സ്രോതസ്സിൽനിന്ന് ഉണ്ടായതല്ല.

### മുൻകാല പണ്ഡിതന്മാരുടെ പ്രതികരണങ്ങൾ

ഇസ്‌ലാമിക ലോകത്തെ സ്വൂഫിസത്തിന്റെ ചരിത്രം പരിശോധിച്ചാൽ, അതിന്റെ തുടക്കം നിഗൂഢമായിരുന്നു എന്നു കാണാം. ആരാണ് ആദ്യമായി തസ്വവ്വുഫ് ആരംഭിച്ചതെന്നോ അത് എപ്പോഴാണ് തുടങ്ങിയതെന്നോ നമുക്ക് കൃത്യമായി വ്യക്തമല്ല. ഇമാം ശാഫിഈ(റഹി) ഹിജ്റ 199ൽ ഈജിപ്തിൽ പ്രവേശിച്ചപ്പോൾ, അവിടെ 'സമാഅ്' എന്നൊരു കാര്യം നടക്കുന്നതായി ശ്രദ്ധിച്ചു. ഈജിപ്തുകാർ തങ്ങളുടെ സ്വൂഫി സദസ്സുകളിൽ പാടുന്ന പാട്ടുകളെയും ആത്മീയ നൃത്തങ്ങളെയുമാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിരുന്നത്.

ഇമാം ശാഫിഈ(റഹി) ഇതിനെ ഒരു ബിദ്അത്ത് (അനാചാരം) ആയിട്ടാണ് കണ്ടത്; അത് ബഗ്ദാദിൽ ഉണ്ടായിരുന്നുവെങ്കിലും ഈജിപ്തിൽ ഇത്രയധികം വ്യാപിച്ചിട്ടുണ്ടെന്ന് അദ്ദേഹം കരുതിയിരുന്നില്ല. അദ്ദേഹം അതിനെതിരെ മുന്നറിയിപ്പ് നൽകി. അദ്ദേഹം പറഞ്ഞു: "ഒരാൾ നാൽപത് ദിവസം സ്വൂഫികളുമായി സഹവസിച്ചാൽ

അവന്റെ ബുദ്ധി പിന്നീട് ഒരിക്കലും മടങ്ങിവരികയില്ല.”

ഹിജ്‌റ രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിനു മുമ്പുതന്നെ പണ്ഡിതന്മാർ അവരെ ‘മുതസ്വവ്വിഫഃ’ അല്ലെങ്കിൽ ‘സിൻദീഖുകൾ’ (നാസ്തികർ/വഴിപിഴച്ചവർ) എന്ന് വിളിച്ചിരുന്നു.

ഇമാം ശാഫിഈ(റഹി)യുടെ സമകാലികനും ജീവിതത്തിന്റെ ഭൂരിഭാഗവും ബഗ്ദാദിൽ കഴിഞ്ഞയാളുമായ ഇമാം അഹ്‌മദ് ഇബ്‌നു ഹൻബൽ(റഹി) ‘സമാഅ്,’ ‘തസ്വവ്വുഫ്’ ഗ്രൂപ്പുകളിൽ ഇരിക്കുന്നതിനെതിരായും അവരുടെ പുസ്തകങ്ങൾ വായിക്കുന്നതിനെതിരായും മുന്നറിയിപ്പ് നൽകിയതായി കാണാം. അദ്ദേഹം അവയെ ബിദ്അത്തിന്റെയും വഴിപിഴവിന്റെയും പുസ്തകങ്ങളായിട്ടാണ് കണക്കാക്കിയത്. തന്റെ കാലത്തെ ഏറ്റവും പ്രശസ്തനായ സ്വൂഫിയായിരുന്ന ഹാരിസ് അൽമുഹാസിബിയുടെ പുസ്തകങ്ങളെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ ഇമാം അഹ്‌മദ് പറഞ്ഞു: ‘സൂക്ഷിക്കുക, ഈ പുസ്തകങ്ങൾ ബിദ്അത്തിന്റെയും വഴിപിഴവിന്റെയും പുസ്തകങ്ങളാണ്.’ ഇത് ഹിജ്‌റ മൂന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലായിരുന്നു.

### സൂഫിസത്തിന്റെ പരസ്യപ്രഖ്യാപനവും ഹല്ലാജിന്റെ വധവും

ഈ കാലഘട്ടത്തിൽ, അതായത് ഹിജ്‌റ രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ സ്വൂഫിസത്തിന്റെ സാന്നിധ്യം അത്ര ശക്തമായിരുന്നില്ല. എന്നാൽ മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ തസ്വവ്വുഫ് പരസ്യമായും വ്യക്തമായും പ്രത്യക്ഷപ്പെടാൻ തുടങ്ങി. മുതസ്വവ്വിഫുകൾ തങ്ങളുടെ ആശയങ്ങൾ പരസ്യമായി പ്രഖ്യാപിക്കാൻ തുടങ്ങി; മുമ്പ് ഒളിച്ചുവെച്ചിരുന്ന വിചിത്രമായ അഭിപ്രായങ്ങൾ എല്ലാവരുടെയും മുന്നിൽ വെളിപ്പെടുത്തിത്തുടങ്ങി.

**പ്രവാചകന്റെ നിയോഗത്തിന് മുമ്പുതന്നെ അറബികൾ, ഇന്ത്യക്കാർ, പേർഷ്യക്കാർ, ഗ്രീക്കുകാർ എന്നിവർക്കിടയിലും ജൂത-ക്രൈസ്തവ മതങ്ങൾക്കുള്ളിലും സ്വൂഫിസം നിലനിന്നിരുന്നു, അത് ഒരു തരത്തിലും ഇസ്‌ലാമിക സ്രോതസ്സിൽ നിന്ന് ഉണ്ടായതല്ല.**



കൗതുകകരമായ ഒരു കാര്യം, ഹിജ്‌റ മൂന്നും നാലും നൂറ്റാണ്ടുകളിലെ തസ്വവ്വുഫിന്റെ നേതാക്കളെ പരിശോധിച്ചാൽ അവരിൽ ഭൂരിഭാഗവും പേർഷ്യക്കാരായിരുന്നു എന്നുകാണാം. അവരിൽ അറബികൾ ആരുംതന്നെ ഇല്ലായിരുന്നു എന്നു പറയാം. അക്കാലത്തെ ഏറ്റവും പ്രശസ്തനായ സ്വൂഫിയായിരുന്നു അബൂ യസീദ് അൽബിസ്ത്വാമി. അന്നത്തെ തസ്വവ്വുഫിന്റെയാളുകൾ കൂടുതൽ ശീഈ (ശിയാ) വസ്ത്രമാണ് ധരിച്ചിരുന്നത്; കാരണം അത് വ്യാപിച്ചിരുന്ന മേഖലകൾ പ്രധാനമായും ഇറാനും ഇറാഖുമായിരുന്നു. ശീഇകൾക്ക് രാഷ്ട്രീയത്തിൽ സാന്നിധ്യമുണ്ടായിരുന്നതുപോലെ സ്വൂഫിസത്തിനും രാഷ്ട്രീയത്തിൽ സാന്നിധ്യമുണ്ടാകാൻ തുടങ്ങി.

അങ്ങനെ ഹിജ്‌റ മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ എത്തിയപ്പോൾ, അബ്ബാസി കാലഘട്ടത്തിൽ ഹുസൈൻ ഇബ്‌നു മൻസൂർ അൽഹല്ലാജിന്റെ വരവോടെ തസ്വവ്വുഫ് അതിന്റെ പരകോടിയിലെത്തി. അദ്ദേഹം തന്റെ വിശ്വാസങ്ങൾ പരസ്യമായി പ്രഖ്യാപിച്ചു. അബ്ബാസി ഭരണകൂടത്തിലെ പല പണ്ഡിതന്മാരും ജനങ്ങളും അത് ‘ഉലൂഹിയ്യത്ത്’ (ദൈവത്വം) അവകാശപ്പെടലാണെന്ന് മനസ്സിലാക്കി. ഇത് അദ്ദേഹത്തിന് കുഫ്ർ (അവിശ്വാസം) വിധിക്കാൻ പണ്ഡിതന്മാരെ പ്രേരിപ്പിച്ചു. അങ്ങനെ ഹല്ലാജിന് വധശിക്ഷ വിധിക്കുകയും കൊല്ലപ്പെടുകയും ചെയ്തു. ഇത് ഹിജ്‌റ 309ലായിരുന്നു.

ഹല്ലാജ് കൊല്ലപ്പെടുകയും അദ്ദേഹത്തിന്റെ ശരീരം ബഗ്ദാദിലെ പാലത്തിൽ കെട്ടിത്തൂക്കപ്പെടുകയും ചെയ്തു; മറ്റുള്ളവർക്ക് ഒരു പാഠമാകാൻ വേണ്ടി. എന്നാൽ അദ്ദേഹത്തെപ്പോലെയുള്ളവർ ധാരാളമുണ്ടായിരുന്നു. അബ്ബാസി ഭരണകൂടത്തിനുള്ളിലെ ഒരേയൊരു സ്വൂഫി ഹല്ലാജ് ആയിരുന്നില്ല. അതിനാൽ ഭരണകൂടം അദ്ദേഹത്തെ കൊന്നതുകൊണ്ട് സ്വൂഫിസം അവസാനിച്ചില്ല. അക്കാലത്തെ മറ്റു സ്വൂഫികൾ ഹല്ലാജിന് സംഭവിച്ചത് കണ്ടപ്പോൾ, തങ്ങൾക്കും ഇതേ വിധി ഉണ്ടാകുമെന്ന് ഭയന്ന് തങ്ങളുടെ വിശ്വാസങ്ങൾ പൂർണമായി ഒളിച്ചുവെക്കാൻ തീരുമാനിച്ചു.

*(തുടരും)*




# ശീഇകളുടെ വിശ്വാസ വ്യതിയാനങ്ങൾ

ഡോ. ടി. കെ. യൂസുഫ്
: 9349798262

സുന്നികളുടെ അടിസ്ഥാന വിശ്വാസങ്ങൾക്കെതിരായ ഒട്ടനവധി വിശ്വാസാചാരങ്ങൾ ശീഇകൾ വെച്ചുപുലർത്തുന്നതായി നമുക്ക് കാണാനാവും. വിശുദ്ധ ഖുർആൻ അന്ത്യദിനംവരെ യാതൊരു മാറ്റത്തിരുത്തലുകൾക്കും വിധേയമാകാതെ നിലനിൽക്കും എന്നാണ് സുന്നികളായ എല്ലാ മുസ്‌ലിംകളും വിശ്വസിക്കുന്നത്. 'തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്' എന്ന ഖുർആൻ വചനമാണ് ഇതിനാധാരം. ഈ വിശ്വാസത്തിന് എതിരാകുന്ന യാതൊരു പ്രസ്താവനയും അഹ്‌ലുസ്സുന്നയുടെ ആധികാരിക ഗ്രന്ഥങ്ങളിൽ കാണാൻ സാധ്യമല്ല. ആരെങ്കിലും ഖുർആൻ സംരക്ഷിക്കപ്പെടുകയില്ല എന്ന് വിശ്വസിച്ചാൽ അവന്റെ സ്ഥാനം ഇസ്‌ലാം മതത്തിന് പുറത്താണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ മുസ്‌ലിംകൾ പാരായണം ചെയ്യുന്ന ഈ വിശുദ്ധ വേദത്തിലുള്ളത് മുഴുവനും സത്യവും ദൈവികവുമാണ്. അതിൽ വല്ലതും കൂട്ടാനോ കുറക്കാനോ ആർക്കും അധികാരമില്ല. ആരെങ്കിലും ബോധപൂർവം അങ്ങനെ ചെയ്താൽ അവൻ അവിശ്വാസായി മാറുകയും ചെയ്യും.

ശീഇകളിലെ ഒരു വിഭാഗമായ റാഫിദിയാക്കളുടെ അഭിപ്രായത്തിൽ സ്വഹാബികൾ ക്വുർആനിലെ ചില വചനങ്ങൾ ഒഴിവാക്കുകയും മറ്റുചിലത് തിരുത്തുകയും ചെയ്തിട്ടുണ്ട്. സത്യത്തിൽ സ്വഹാബികളിൽ ആരെങ്കിലും അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അത് അപ്പോൾതന്നെ വിവാദമാകുമായിരുന്നു. ക്വുർആൻ ക്രോഡീകരണവേളയിലും മുസ്ഹഫുകൾ ഏകീകരിച്ച സമയത്തും അത്തരത്തിൽ ഒരു സംശയം ആരെങ്കിലും പ്രകടിപ്പിച്ചതായി ചരിത്രത്തിൽ കാണുന്നില്ല. ഇനി അങ്ങനെ സംഭവിച്ചിട്ടുണ്ടെന്നു വെക്കുക, എങ്കിൽ ഇവർ അംഗീകരിക്കുന്ന അലി(റ)യെങ്കിലും അക്കാര്യം വെളിപ്പെടുത്തേണ്ടതല്ലേ? അദ്ദേഹം വിയോജിപ്പ് രേഖപ്പെടുത്തിയില്ല എന്ന് മാത്രമല്ല അത് പൂർണമായി അംഗീകരിക്കുകയാണ് ചെയ്തത്. ക്വുർആൻ ബോധപൂർവം തിരുത്തുന്നത് പോയിട്ട് പാരായണത്തിനിടയിൽ അബദ്ധത്തിൽ വരുന്ന തെറ്റുകൾ പോലും അവർക്ക് പ്രയാസമുണ്ടാക്കുന്നതാണ്. ക്വുർആനിൽ മാറ്റത്തിരുത്തലുകൾ നടന്നിട്ടുണ്ട് എന്ന് പറയാൻ റാഫിദി ശിയാക്കൾക്കല്ലാതെ മറ്റാർക്കും ധൈര്യം വന്നിട്ടില്ല. ഇക്കൂട്ടർക്ക് ഇതിന് തെളിവുകളൊന്നും സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

അഹ്‌ലുസ്സുന്നയുടെ വിശ്വാസങ്ങളിൽ മറ്റൊന്ന് പ്രവാചകന് അവതരിച്ച ക്വുർആൻ മുഴുവനും യാതൊന്നും മറച്ചുവെക്കാതെ അദ്ദേഹം ജനങ്ങൾക്ക് വിവരിച്ചുകൊടുത്തിട്ടുണ്ട് എന്നതാണ്. ഈ വേദം അവതരിച്ചതുതന്നെ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കാനാണ് എന്ന് ക്വുർആൻ പലയിടത്തുംപ്രസ്താവിക്കുന്നുണ്ട്. 'ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടുതന്നിരിക്കുന്നു' (ക്വുർആൻ 5:3).

ഈ വചനം പ്രവാചകൻ(സ്വ) തന്റെ ദൗത്യം പൂർത്തീകരിച്ചതിന് തെളിവ് കൂടിയാണ്. മതവുമായി ബന്ധപ്പെട്ട ഒരു വിവരവും നബി(സ്വ) ആർക്കെങ്കിലും പ്രത്യേകമായി പറഞ്ഞുകൊടുക്കുകയോ ആരിൽ നിന്നെങ്കിലും മറച്ചുവെക്കുകയോ ചെയ്തിട്ടില്ല. 'നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും' (ക്വുർആൻ 16:44).

എന്നാൽ റാഫിദിയാക്കൾ ഈ അടിസ്ഥാന തത്ത്വത്തിനെതിരായി ശരീഅത്തിലെ ചില വിവരങ്ങൾ മറ്റാർക്കും അറിയില്ലെന്നും ചില ഇമാമുകൾക്ക് മാത്രം സ്വന്തമാണ് എന്നും വാദിക്കുന്നവരാണ്.

നബി(സ്വ) സ്വഹാബികളെ സ്നേഹിക്കുകയും അവരെ തൃപ്തിപ്പെടുകയും അവരുടെ നീതിയിൽ വിശ്വസിക്കുകയും ചെയ്തിരുന്നുവെന്നതിൽ സുന്നികൾക്ക് അഭിപ്രായവ്യത്യാസമില്ല. സ്വഹാബികളെക്കുറിച്ച് അവരുടെ മനസ്സിൽ മോശമായ ധാരണ വെച്ചുപുലർത്തുകയോ അവരുടെ നാവിലൂടെ അവരെ അധിക്ഷേപിക്കുകയോ ചെയ്യാറില്ല. നബി(സ്വ) പറഞ്ഞു: 'നിങ്ങൾ എന്റെ അനുചരന്മാരെ അധിക്ഷേപിക്കരുത്. നിങ്ങളിൽ ഒരാൾ ഉഹ്ദ് മലയുടെ അത്രയും സ്വർണം ചെലവഴിച്ചാലും അവരിലൊരാളുടെ മുദ്ദിനോളമോ അതിന്റെ പകുതിയോ വരികയില്ല.' സുന്നികൾ സ്വഹാബികളുടെ ശ്രേഷ്ഠതകളായി പ്രവാചകൻ(സ്വ) പറഞ്ഞ സർവകാര്യങ്ങളും അപ്പടി അംഗീകരിക്കുന്നവരാണ്. നബി(സ്വ)ക്ക് ശേഷം ഈ സമുദായത്തിലെ ഏറ്റവും ഉത്തമർ അബൂബക്ർ(റ), ഉമർ(റ), ഉസ്മാൻ(റ), അലി(റ) എന്നിവരാണെന്ന ഹദീസ് ശീഇകൾക്ക് സ്വീകാര്യമല്ല. എന്നാൽ സുന്നികൾ ആ പ്രവാചകവചനം അംഗീകരിക്കുന്നു. ഇമാം ബുഖാരി(റഹി) പറഞ്ഞു: 'മക്ക, മദീന, ഹിജാസ്, ബസ്വറ, കൂഫ, ബഗ്ദാദ് എന്നിവിടങ്ങളിൽനിന്നായി വിജ്ഞാനമുള്ള ആയിരത്തോളം പേരെ എനിക്കറിയാം. അവരിലൊരാളും ഏതെങ്കിലും സ്വഹാബിയെക്കുറിച്ച് മോശമായി സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല.'

നബി(സ്വ) പറഞ്ഞു: 'ജനങ്ങളിൽ ഏറ്റവും ഉത്തമർ എന്റെ നൂറ്റാണ്ടുകാരാണ്. പിന്നെ അവരോട് അടുത്തവർ, പിന്നീട് അവരോട് അടുത്തവർ.'

നബി(സ്വ)യുടെ കുടുംബത്തെ (അഹ്‌ലു ബൈത്ത്)

കുറിച്ചുള്ള സമീപനത്തിലും നിലപാടിലും ശീഇകളും സുന്നികളും തമ്മിൽ വൈരുധ്യങ്ങളുണ്ട്. ആരൊക്കെയാണ് 'നബികുടുംബം' എന്നതിൽ പെടുക? മുസ്‌ലിം ഉദ്ധരിച്ച ഒരു ഹദീസിൽ പ്രവാചകന്റെ പത്‌നിമാർ, അലി(റ)യുടെ കുടുംബം, ഉഖൈലി(റ)ന്റെ കുടുംബം, ജഅ്ഫറി(റ)ന്റെ കുടുംബം അബ്ബാസി(റ)ന്റെ കുടുംബം എന്നിവരാണ് അഹ്‌ലുബൈത്തുകാർ എന്ന് വ്യക്തമാക്കുന്നുണ്ട്.

സുന്നികൾ നബികുടുംബത്തെ സ്‌നേഹിക്കുകയും അംഗീകരിക്കുകയും അവരെക്കുറിച്ചുള്ള നബി (സ്വ)യുടെ വസ്വിയ്യത്ത് കാത്തുസൂക്ഷിക്കുകയും ചെയ്യുന്നവരാണ്. ശൈഖുൽ ഇസ്‌ലാം ഇബ്‌നു തീമിയ(റഹി) പറഞ്ഞു: 'നബികുടുംബത്തിന് പരിഗണിക്കപ്പെടേണ്ട ചില അവകാശങ്ങളുണ്ട്. യുദ്ധാർജിത സ്വത്തിന്റെ അഞ്ചിലൊന്ന് അവർക്ക് അവകാശപ്പെട്ടതാണ്. റസൂലിന്റെ പേരിൽ സ്വലാത്ത് ചൊല്ലുന്നതോടൊപ്പം അവരുടെ പേരിലും സ്വലാത്ത് ചെല്ലേണ്ടതുണ്ട്. നബിയുടെ പത്‌നിമാർ വിശുദ്ധരും വിശ്വാസികളുടെ മാതാക്കളുമാണ്. നബികുടുംബത്തെ സ്‌നേഹിച്ചതുകൊണ്ട് മാത്രം ഒരാൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല; അവന്റെ മതപരമായ കർത്തവ്യങ്ങൾകൂടി നിർവഹിക്കേണ്ടതുണ്ട്.'

ഒരാളുടെ ജീവിതം അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കൽപനാ നിർദേശങ്ങൾക്കനുസൃതമാണോ അല്ലേ എന്നതാണ് പ്രധാനം. അല്ലാഹു പറയുന്നു: 'ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!' (4:69).

പ്രവാചകനല്ലാതെ മറ്റാർക്കും പാപസുരക്ഷിതത്വം (ഇസ്മത്ത്) ഇല്ല എന്നാണ് സുന്നികൾ വിശ്വസിക്കുന്നത്. അതുപോലെ മതത്തിൽ വല്ല നിർബന്ധ കാര്യവുമുണ്ടെങ്കിൽ അത് നബി(സ്വ) അല്ലാഹുവിന്റെ കൽപനപ്രകാരം നിർബന്ധമാക്കിയതാണ്. നിഷിദ്ധമാക്കപ്പെട്ടവയുടെ കാര്യവും അങ്ങനെത്തന്നെ. ഇനിയൊരു പ്രവാചകൻ വരാനില്ല; വഹ്‌യ് നിലച്ചിരിക്കുന്നു. അതുകൊണ്ട് ഇനി പുതിയ ഇബാദത്തുകൾ ഉണ്ടാകുകയില്ല. എന്നാൽ നബി(സ്വ)ക്ക് ശേഷം ഇമാമുമാർക്ക് അതിന് അധികാരമുണ്ടെന്നാണ് ശീഇകളുടെ വാദം!

ഖുർആനും സുന്നത്തും സലഫുകളുടെ ഏകാഭിപ്രായവും ശരീഅത്തിന്റെ അടിസ്ഥാനമായിട്ടാണ് സുന്നികൾ പരിഗണിക്കുന്നത്. എന്നാൽ ശീഇകളെ സംബന്ധിച്ചിടത്തോളം ഖുർആനിൽ വേറെയും ധാരാളം വചനങ്ങളുണ്ട്. ഹദീസുകളാകട്ടെ, അഹ്‌ലു ബൈത്ത് റിപ്പോർട്ട് ചെയ്തത് മാത്രമെ അവർ സ്വീകരിക്കുകയുള്ളൂ. സുന്നികളുടെ വിശ്വാസപ്രകാരം പ്രവാചകന്മാരുടെ മുഅ്ജിസത്തുകൾ (അമാനുഷിക ദൃഷ്ടാന്തങ്ങൾ) പ്രവാചകന്മാർക്ക് മാത്രം പ്രത്യേകമായതാണ്. ശീഇകളുടെ വീക്ഷണപ്രകാരം അവരുടെ നേതാക്കളുടെ ഇമാമത്ത് നുബുവ്വത്തിന് സാദൃശ്യമുള്ളതും അവർ മുഅ്ജിസത്ത് പ്രകടിപ്പിക്കുന്നവരുമാണ്.

അദൃശ്യമായ വിവരങ്ങൾ അല്ലാഹുമാത്രമെ അറിയുകയുള്ളൂ എന്നാണ് സുന്നികൾ വിശ്വസിക്കുന്നത്. അല്ലാഹു പറയുന്നു: '(നബിയേ,) പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ...' (27:65). 'അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല...' (6:59). എന്നാൽ ശീഇകളിലെ റാഫിദിയാക്കൾ അവരുടെ ഇമാമുമാർക്കും അദൃശ്യം അറിയുമെന്ന് വിശ്വസിക്കുന്നു.

നബി(സ്വ)യോ സ്വഹാബത്തോ ഉയിർത്തെഴുന്നേൽപിന്റെ നാളിന് മുമ്പായി ഉയിർത്തെഴുന്നേൽക്കില്ല എന്നാണ് സുന്നികളുടെ വിശ്വാസം, അഥവാ അതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. എന്നാൽ ചില ശീഈ വിഭാഗങ്ങൾ ഇതിനെതിരാണ്. അവരുടെ ഇമാമുകളിൽ ചിലരും ശത്രുക്കളിൽ ചിലരും ഖിയാമത്തിന് മുമ്പ് ഉയിർത്തെഴുന്നേൽക്കപ്പെടുമെന്നാണ് അവരുടെ വിശ്വാസം. ഖിലാഫത്തിന്റെ കാര്യത്തിൽ അക്രമവും അനീതിയും കാണിച്ചവരെ ഇമാമുകൾ ഉയിർത്തെഴുന്നേറ്റു വന്ന് ശിക്ഷിക്കുമെന്നും അവർ വിശ്വസിക്കുന്നു.

*(തുടരും)*



ഒരു ജനതയുടെ സാംസ്കാരിക പ്രബുദ്ധത അളക്കുന്നത് അവർ തങ്ങളുടെ മുതിർന്ന തലമുറയെ എങ്ങനെ പരിഗണിക്കുന്നു എന്നതിനെ ആശ്രയിച്ചാണ്. വയോജനങ്ങൾക്ക് സുരക്ഷിതവും മാന്യവുമായ ജീവിതം ഉറപ്പാക്കുക എന്നത് ദയാദാക്ഷിണ്യമല്ല, മറിച്ച് പൗരന്മാർ എന്ന നിലയിൽ അവരുടെ അവകാശമാണ്.

# വേരുകൾക്കും വേണം തണൽ

കെ.എസ് അബ്ബാസ്, മണ്ണൂർ
: 9447621833

ബാല്യവും കൗമാരവും യൗവനവും കഴിഞ്ഞ് നാമോരോരുത്തർക്കും അവഗണനയുടെയും അരക്ഷിതാവസ്ഥയുടെയും ഒരു കാലം വരാനുണ്ട്. ഏറ്റവും പ്രിയപ്പെട്ടതായി നാം താലോലിക്കുന്ന നമ്മുടെ ശരീരം ചുക്കിച്ചുളിയുകയും രോഗങ്ങൾ അതിഥികളായി കടന്നെത്തുകയും ചിന്തകളുടെ കണ്ണി മുറിയുകയും ചെയ്യുന്ന വാർധക്യ കാലഘട്ടം. ഷേക്സ്പിയർ അതിനെ രണ്ടാം ശൈശവമായി വിശേഷിപ്പിക്കുന്നുണ്ടെങ്കിലും, വർത്തമാന കാലത്ത് മറ്റൊന്നിനോടും തുലനം ചെയ്യാനാവാത്ത മാനസിക-ശാരീരിക-സാമൂഹിക അവസ്ഥാവിശേഷങ്ങളാണ് അവിടെ തരണം ചെയ്യാനുള്ളത് എന്നതാണ് വസ്തുത.

എന്നാൽ വർധക്യത്തെ ജീവിതത്തിന്റെ മനോഹരമായ സായാഹ്നമായി കാണുവാൻ നാം ശ്രമിക്കുമ്പോഴാണ് അത് കൂടുതൽ പ്രശോഭിതമാകുന്നത്. കടമകളുടെയും ഉത്തരവാദിത്തങ്ങളുടെയും തിരക്കുകളിൽനിന്നും മോചിതരായി, സ്വന്തമാക്കിയ അനുഭവസമ്പത്തിന്റെ വെളിച്ചത്തിൽ ജീവിതത്തെ ശാന്തമായി നോക്കിക്കാണാൻ കഴിയുന്ന ഘട്ടമാണിത്. മുതിർന്ന പൗരന്മാർ ഒരിക്കലും സമൂഹത്തിന്റെ ബാധ്യതയല്ല, മറിച്ച് അറിവിന്റെയും അനുഭവങ്ങളുടെയും വിലമതിക്കാനാവാത്ത സമ്പത്താണ്. വികസിത രാജ്യങ്ങളിൽ പ്രായമായവരുടെ അനുഭവസമ്പത്ത് പുതിയ തലമുറയ്ക്ക് പകർന്നുനൽകാൻ ആക്ടീവ് ഏജിംഗ് (active ageing) പദ്ധതികൾ വരെ നടപ്പിലാക്കാറുണ്ട്.

വയോജനങ്ങളുടെ കാര്യത്തിൽ ഇന്ത്യയിലെ ജപ്പാനാണ് യഥാർഥത്തിൽ കേരളം. കേരളത്തിൽ 20 ശതമാനത്തോളം ആളുകൾ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരാണ്; ദേശീയ ശരാശരി 10 ശതമാനമാണെന്ന് ഓർക്കണം. ഈ യാഥാർഥ്യം ഉൾക്കൊണ്ടുകൊണ്ട്, രാജ്യത്തിന്റെ ചരിത്രത്തിൽതന്നെ സമാനതകളില്ലാത്ത വിപ്ലവകരമായ ഒരു ചുവടുവയ്പ്പിന് നമ്മുടെ സംസ്ഥാനം തുടക്കം കുറിച്ചിരിക്കുകയാണ്. വയോജനങ്ങൾക്കായി മാത്രമായി ഒരു പ്രത്യേക 'വയോജന ക്ഷേമ വകുപ്പ്' രൂപീകരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. വികസിത രാജ്യങ്ങളായ ജപ്പാനെയും യൂറോപ്യൻ രാജ്യങ്ങളെയും പോലെ, വാർധക്യത്തെ കേവലമൊരു 'സാമൂഹിക സുരക്ഷ' വിഷയമായി കാണാതെ, അതിനെ ഭരണകൂടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങളിലൊന്നായി മാറ്റാൻ ഈ പ്രത്യേക വകുപ്പിലൂടെ കേരളത്തിന് സാധിക്കും.

'ന്യൂക്ലിയർ കുടുംബ'ങ്ങളുടെ അതിപ്രസരവും യുവതലമുറയുടെ വിദേശപ്രയാണവും

വർധിക്കുന്ന സമകാലിക കേരളീയ സാഹചര്യത്തിൽ, സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗമായി മാറിക്കൊണ്ടിരിക്കുന്ന മുതിർന്ന പൗരന്മാർക്കായി ഒരു പ്രത്യേക 'വയോജന വകുപ്പ്' നിലകൊള്ളേണ്ടതിന്റെ പ്രസക്തി വിശദീകരിക്കേണ്ടതില്ലല്ലോ. വിദേശരാജ്യങ്ങളിൽ വയോജനങ്ങളുടെ ക്ഷേമത്തിനായി ആധുനിക സാങ്കേതികവിദ്യയും വ്യക്തമായ സാമൂഹിക സുരക്ഷാപദ്ധതികളും സർക്കാർ തലത്തിൽതന്നെ വിഭാവനം ചെയ്തത് കാണാൻ സാധിക്കും. കേവലമൊരു പെൻഷൻ വിതരണത്തിൽ ഒതുങ്ങാതെ, വയോജനങ്ങളുടെ മാനസികാരോഗ്യം, കൗൺസിലിംഗ്, വാർധക്യസഹജമായ രോഗങ്ങൾക്കുള്ള സൗജന്യ ചികിത്സ, അനാഥാലയങ്ങളുടെ കൃത്യമായ മേൽനോട്ടം എന്നിവ ഉറപ്പാക്കാൻ ഒരു വയോജന വകുപ്പിന് മാത്രമെ സാധിക്കൂ. ആരോഗ്യത്തിന്റെയും സാക്ഷരതയുടെയും വിഷയത്തിലെന്നതുപോലെ ഇവിടെയും നാം രാജ്യത്തിന് തന്നെ മാതൃകയായിരിക്കുകയാണ്.

ഒരു ജനതയുടെ സാംസ്കാരിക പ്രബുദ്ധത അളക്കുന്നത് അവർ തങ്ങളുടെ മുതിർന്ന തലമുറയെ എങ്ങനെ പരിഗണിക്കുന്നു എന്നതിനെ ആശ്രയിച്ചാണ്. വയോജനങ്ങൾക്ക് സുരക്ഷിതവും മാന്യവുമായ ജീവിതം ഉറപ്പാക്കുക എന്നത് ദയാദാക്ഷിണ്യമല്ല, മറിച്ച് പൗരന്മാർ എന്ന നിലയിൽ അവരുടെ അവകാശമാണ്. വർത്തമാനകാലത്തെ വെല്ലുവിളികളെ അതിജീവിച്ച്, നമ്മുടെ മുതിർന്ന പൗരന്മാർക്ക് താങ്ങും തണലുമായി മാറാൻ വയോജന വകുപ്പിന്റെ ശക്തമായ സാന്നിധ്യവും ക്രിയാത്മകമായ ഇടപെടലുകളും കാലഘട്ടത്തിന്റെ അനിവാര്യതയാണ്. കേവലം നിയമങ്ങളോ പദ്ധതികളോകൊണ്ട് മാത്രം ഇത് പൂർണമാവുകയുമില്ല; മുതിർന്ന തലമുറയോടുള്ള പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടും മനോഭാവവും പുനർനിർവചിക്കപ്പെടുമ്പോൾ മാത്രമെ, നമ്മുടെ വേരുകളെ വിസ്മരിക്കാത്ത യഥാർഥ വികസനം ഇവിടെ സാധ്യമാകൂ. ■



# തിന്മയുടെ വേര്

## ഹിബ ബഷീർ മണിയൂർ

അറിവിനാൽ അജ്ഞരായ് മാറുന്നു മർത്യർ
അലിവൊട്ടുമില്ലാതെ കഴിയുന്നു 'ഭക്തർ.'
വിദ്യയാൽ അഭ്യാസ നൃത്തം നടത്തുന്നു
അറിയേണ്ടതറിയാതെ വാചാലരാവുന്നു!

ദോഷം വരുത്തുന്ന ലഹരിയിൽ മുഴുകുന്നു
ലക്കില്ലാതങ്ങനെ നാളുകൾ നീക്കുന്നു.
ആശ്രിതർ കണ്ണീരൊഴുക്കി കഴിയുന്നു
ആലംബമില്ലാതെ മക്കൾ വലയുന്നു.

ലഹരിവസ്തുക്കൾക്കിന്നുണ്ടേറെ നാമങ്ങൾ
കരിയുന്ന കരളാകെയൊന്നു മാത്രം.
'ജീവനാം ലഹരി'യിന്നവരുടെ ചിന്തയിൽ,
ലഹരിയിൽ ജീവിതം തല്ലിത്തകർക്കുന്നു.

കൂട്ടുകുടുംബങ്ങൾ ശിഥിലമായ് മാറുന്നു
കൂട്ടം തിരിഞ്ഞവർ തമ്മിലടിക്കുന്നു.
ഓട്ടക്കലത്തിൽ വെള്ളമൊഴിച്ച പോൽ
കിട്ടുന്ന കാശെല്ലാം ചോർന്നു പോയീടുന്നു.

മത്തുപിടിപ്പിക്കും വസ്തുക്കളൊക്കെയും
എത്തിപ്പിടിക്കാതെ നോക്കണം കൂട്ടരേ.
ജീവിതം നാടകവേദിയല്ലറിയുക
കാശുകൊടുത്താരും നാശം വരുത്തല്ലേ.

തിന്മതൻ നാരായവേരു മുറിച്ചിടാം
നന്മതൻ പാതയിൽ വേഗം കുതിച്ചിടാം.
ബന്ധങ്ങൾ നന്നായി കെട്ടിപ്പടുത്തിടാം
ജീവിത തീരത്ത് ശാന്തി വിതച്ചിടാം!

■




# സ്നേഹാദരവുകളിലെ അതിരുകവിയൽ

ശമീർ മദീനി
: 9048 221 212

അല്ലാഹുവും അവന്റെ റസൂലും നിറുത്തിയേടത്ത് നിൽക്കാൻ ഒരു വിശ്വാസിക്ക് കഴിയണം. അതിന പ്പുറത്തേക്കുള്ള അതിരുവിടൽ വലിയ അപകടമാണ്. അല്ലാഹു പറയുന്നു:

“തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ” (ക്വുർആൻ 24:51).

“അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നപക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചുപോയിരിക്കുന്നു” (33:36)

**പ്രവാചകാനുചരന്മാരും അവരുടെ ശിഷ്യന്മാരും അടങ്ങുന്ന സച്ചരിതരായ മുൻഗാമികൾ അവരിലെ പ്രായമായവരെയും പണ്ഡിതന്മാരെയും സജ്ജനങ്ങളെയുമൊക്കെ ശരിയായ വിധത്തിൽ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. അവരുടെ സ്ഥാനമാനങ്ങൾ അംഗീകരിക്കുകയും ചെയ്തു. എന്നാൽ അവരാരും ആദരവിന്റെ പേരിൽ സ്വഹാബിമാരിൽ ഒരാളുടെയും ക്വബ്ർ കെട്ടി ഉയർത്തുകയോ അവിടെ വിളക്ക് കത്തിക്കുകയോ ചെയ്തില്ല. പ്രാർഥനകൾക്കും മറ്റുമായി അവിടങ്ങളിലേക്ക് പ്രത്യേകം യാത്ര പുറപ്പെടുകയും ചെയ്തില്ല.**

എന്നാൽ മതപരമായ ഈ അതിർവരമ്പുകൾ ഭേദിച്ചുകൊണ്ട് വിവിധതരം അതിരുകവിച്ചിലുകളിലൂടെ പിശാച് പലരെയും വഴിതെറ്റിച്ചിട്ടുണ്ട്. പല മേഖലകളിലും ഇത് കാണാനാകും. ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടവയെ ആദരിക്കുകയും ബഹുമാനിക്കുകയും വേണം. എന്നാൽ അതിൽ അതിരുകവിച്ചിൽ ഉണ്ടാകുവാൻ പാടില്ല. പണ്ഡിതന്മാരെയും സജ്ജനങ്ങളെയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുക എന്നത് സത്യവിശ്വാസത്തിന്റെ ഭാഗമാണ്. എന്നാൽ അവിടെ അതിരുകവിഞ്ഞ് അവരെ അനർഹമായ സ്ഥാനത്തേക്ക് ഉയർത്തുന്ന പ്രവണത പല സമൂഹങ്ങളിലും മുമ്പ് ഉണ്ടായിട്ടുണ്ട്.

പ്രവാചകാനുചരന്മാരും അവരുടെ ശിഷ്യന്മാരും അടങ്ങുന്ന സച്ചരിതരായ മുൻഗാമികൾ അവരിലെ പ്രായമായവരെയും പണ്ഡിതന്മാരെയും സജ്ജനങ്ങളെയുമൊക്കെ ശരിയായവിധത്തിൽ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. അവരുടെ സ്ഥാനമാനങ്ങൾ അംഗീകരിക്കുകയും ചെയ്തു. എന്നാൽ അവരാരും ആദരവിന്റെ പേരിൽ സ്വഹാബിമാരിൽ ഒരാളുടെയും ക്വബ്ർ കെട്ടി ഉയർത്തുകയോ അവിടെ വിളക്ക് കത്തിക്കുകയോ ചെയ്തില്ല. പ്രാർഥനകൾക്കും മറ്റുമായി അവിടങ്ങളിലേക്ക് പ്രത്യേകം യാത്ര പുറപ്പെടുകയും ചെയ്തില്ല. അബൂബക്ർ സിദ്ദീക്(റ) ഈ ഉമ്മത്തിലെ ഏറ്റവും ശ്രേഷ്ഠനായ വ്യക്തിയാണ്. എന്നാൽ സ്വഹാബിമാരാരും അദ്ദേഹത്തിന്റെ കൈ മുത്തുവാനും കാൽക്കൽ വീഴുവാനുമൊന്നും തയ്യാറായിട്ടില്ല; അത്തരം അതിരുകവിച്ചിലുകളെ അവർ സൂക്ഷിക്കുകയും അതിനെതിരിൽ ജാഗ്രത കാണിക്കുകയും ചെയ്തിരുന്നു.

മനുഷ്യചരിത്രത്തിൽ ആദ്യമായി ശിർക്ക് സംഭവിച്ചത് നൂഹ് നബി(അ)യുടെ ജനതയിലായിരുന്നു. അത് ഇത്തരം അതിരുകവിച്ചിലിന്റെ ഭാഗമായിട്ടാണ് ഉണ്ടായത് എന്ന് രേഖകൾ മനസ്സിലാക്കിത്തരുന്നുണ്ട്. ആ ജനത അല്ലാഹുവിന് പുറമേ ആരാധിച്ച വദ്ദ്, സുവാഅ്, യഗൂസ്, യഊഖ്, നസ്ർ തുടങ്ങിയ ആരാധ്യർ നൂഹ് നബി(അ)യുടെ ജനതയിലെ സജ്ജനങ്ങളായിരുന്നു. അവരുടെ കാലശേഷം അവർക്കുള്ള ബഹുമാനാദരവുകൾ അതിർവരമ്പുകൾ ലംഘിച്ച് ആരാധനയിലേക്ക് വഴിമാറി എന്നുള്ള കാര്യം ക്വുർആൻ വ്യാഖ്യാതാക്കൾ പലരും വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ അത്തരം തിന്മകളിലേക്ക് എത്തിക്കുന്ന എല്ലാ വഴികളും ഇസ്‌ലാം കൊട്ടിയടച്ചു. തദ്‌വിഷയകമായി പ്രവാചകൻ(സ്വ) ശക്തമായ ഉപദേശ നിർദേശങ്ങൾ നൽകിയതായി കാണാം. അവിടുന്ന് പറഞ്ഞു: 'ക്രൈസ്തവർ മർയമിന്റെ പുത്രൻ ഈസാ (അ)യെ അമിതമായി പുകഴ്ത്തിയതുപോലെ നിങ്ങളെന്നെ പുകഴ്ത്തരുത്' (ബുഖാരി).

നബി(സ്വ) പറഞ്ഞു; 'അല്ലാഹു എന്നെ അവരോധിച്ച സ്ഥാനത്തിന് ഉപരിയായി നിങ്ങളെന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല' (അഹ്മദ്).

ബഹുമാനത്തിന്റെ പേരിൽ എഴുന്നേറ്റ് നിൽക്കുന്നതുപോലും അവർ ഇഷ്ടപ്പെട്ടിരുന്നില്ല. പണ്ഡിതന്മാരോടുള്ള ആദരവിന്റെ മറവിൽ പൗരോഹിത്യം പടർന്നുപന്തലിക്കുന്നത് കാണാം. ജനിച്ചാലും മരിച്ചാലുമെല്ലാം ഓരോരോ ചടങ്ങുകൾ സംഘടിപ്പിച്ച് പൗരോഹിത്യത്തിന്റെ സാന്നിധ്യം ഉറപ്പിക്കുന്നു. ഇത്തരം ചടങ്ങുകളും അനാചാരങ്ങളും കൈമടക്കുകളുമൊക്കെ മതത്തിന്റെ ഭാഗമായി വളർന്ന് പന്തലിക്കുമ്പോൾ പിശാചിന്റെ കുതന്ത്രങ്ങളാണ് വിജയിക്കുന്നത് എന്ന കാര്യം നാം തിരിച്ചറിയണം.

അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് വിരുദ്ധമായി പണ്ഡിത-പുരോഹിതന്മാർ കൽപിക്കുന്ന കാര്യങ്ങൾ അനുസരിച്ചുകൊണ്ട് മതത്തിൽ മാറ്റത്തിരുത്തലുകൾ വരുത്തിയ ജൂത-ക്രൈസ്തവരെ ആക്ഷേപിച്ചുകൊണ്ട് ക്വുർആൻ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്:

"അവരുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും മർയമിന്റെ മകനായ മസീഹിനെയും അല്ലാഹുവിന് പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു. എന്നാൽ ഏകദൈവത്തെ ആരാധിക്കാൻ മാത്രമായിരുന്നു അവർ കൽപിക്കപ്പെട്ടിരുന്നത്. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവർ പങ്കുചേർക്കുന്നതിൽനിന്ന് അവനെത്രയോ പരിശുദ്ധൻ!" (9:31).

ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് ശൈഖ് സഅദി(റഹി) പറയുന്നു: "അല്ലാഹു നിഷിദ്ധമാക്കിയത് അവർ ആളുകൾക്ക് അനുവദിച്ചുകൊടുക്കും. അപ്പോൾ ആളുകൾ അത് അനുവദനീയമായി ഗണിക്കും. അപ്രകാരംതന്നെ അല്ലാഹു അനുവദിച്ചത് അവർ ആളുകൾക്ക് തടയും. അപ്പോൾ ആളുകൾ അതിനെ നിഷിദ്ധമായും ഗണിക്കും. അങ്ങനെ പ്രവാചകന്മാർ പഠിപ്പിച്ചതിന് വിരുദ്ധമായ പല വാക്കുകളും പ്രവൃത്തികളും മതത്തിന്റെ ആവരണമണിയിച്ച് മതാചാരങ്ങളായി ആളുകൾക്ക് അവർ നൽകും. അപ്പോൾ ആളുകൾ അവരെ അന്ധമായി പിൻപറ്റുകയും ചെയ്യും. അങ്ങനെയാണ് പണ്ഡിത പുരോഹിതന്മാരെ അവർ റബ്ബുകളാക്കി മാറ്റിയത്."

അദ്ദേഹം തുടരുന്നു: "...അപ്രകാരംതന്നെ അവരിലെ ഭക്തന്മാരും പണ്ഡിതന്മാരുമായ ആളുകളുടെ വിഷയത്തിൽ അതിരുകവിഞ്ഞുകൊണ്ട് അവരുടെ ക്വബ്റുകളെ ആരാധനാലയങ്ങളും ആരാധിക്കപ്പെടുന്ന വിഗ്രഹങ്ങളുമാക്കിത്തീർക്കുന്ന സ്ഥിതിവരെ ഉണ്ടായി. പ്രാർഥനകൾക്കും ബലികർമങ്ങൾക്കും മറ്റു പല ആരാധനകൾക്കും അത്തരം സ്ഥലങ്ങളെ ലക്ഷ്യംവച്ച് പോകുന്ന അവസ്ഥയും കാണാം" (തഫ്സീർ സഅദി).

ഇതുതന്നെയാണ് മക്കാമുശ്രിക്കുകൾക്കും സംഭവിച്ച അപകടം. അല്ലാഹു പറയുന്നു: "അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (നബിയേ,) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ലകാര്യവും നിങ്ങളവന്ന് അറിയിച്ചുകൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു" (10:18).

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം റാസി(റഹി) പറയുന്നത് കാണുക: "നിശ്ചയം അവർ ഈ വിഗ്രഹങ്ങളെയും പ്രതിഷ്ഠകളെയും അവരിലെ പ്രവാചകന്മാരുടെയും മഹാന്മാരുടെയും രൂപങ്ങളിലാണ് പ്രതിഷ്ഠിച്ചിരുന്നത്. ആ പ്രതിഷ്ഠകളുടെ മുമ്പിൽ ആരാധനകൾകൊണ്ട് വ്യാപൃതരാകുമ്പോഴെല്ലാം ആ മഹത്തുക്കൾ ഇവർക്കു വേണ്ടി അല്ലാഹുവിന്റെയടുക്കൽ ശുപാർശ പറയും എന്നായിരുന്നു അവരുടെ വിശ്വാസം. ഇതിന് സമാനമാണ് ഈ കാലത്ത് ധാരാളം ആളുകൾ മഹാന്മാരുടെ ക്വബ്റുകൾ ആദരിക്കുന്നു, അവയെ ബഹുമാനിക്കുന്നു എന്ന പേരിൽ കാട്ടിക്കൂട്ടുന്നത്. അഥവാ അവരുടെ ക്വബ്റുകളെ ബഹുമാനിച്ചാൽ തീർച്ചയായും ഈ മഹത്തുക്കൾ അല്ലാഹുവിന്റെ അടുക്കൽ തങ്ങൾക്കുവേണ്ടി ശുപാർശ പറയും എന്നാണ് അവരുടെ വിശ്വാസം" (തഫ്സീർ റാസി).

മുസ്‌ലിം സമുദായത്തിൽ ഇത്തരം അതിരുകവിച്ചിലുകൾ പലതും വന്നിട്ടുള്ളത് ശിയാക്കളിൽനിന്നുമാണ്. അലി(റ)യോടുള്ള സ്നേഹത്തിന്റെ പേരിൽ വ്യാജമായി മഹത്ത്വങ്ങളും കഥകളും പറയുന്ന ധാരാളം ഹദീസുകൾ അവർ പടച്ചുണ്ടാക്കി. എന്നാൽ അതിൽ അധികവും അലി(റ)യെ വാഴ്ത്തുകയല്ല പ്രത്യുത ഇകഴ്ത്തുകയാണ് ചെയ്യുന്നത് എന്നതാണ് ഏറെ രസകരം. ഇബ്നുൽ ജൗസി(റഹി) അത്തരം കുറെ വ്യാജ ഹദീസുകൾ തന്റെ 'അൽ മൗദൂആത്' (വ്യാജ ഹദീസുകൾ) എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

ശിയാക്കൾ ഉണ്ടാക്കിയ അത്തരം വ്യാജ ഹദീസു

**പണ്ഡിതന്മാരോടുള്ള ആദരവിന്റെ മറവിൽ പൗരോഹിത്യം പടർന്നുപന്തലിക്കുന്നത് കാണാം. ജനിച്ചാലും മരിച്ചാലുമെല്ലാം ഓരോരോ ചടങ്ങുകൾ സംഘടിപ്പിച്ച് പൗരോഹിത്യത്തിന്റെ സാന്നിധ്യം ഉറപ്പിക്കുന്നു. ഇത്തരം ചടങ്ങുകളും അനാചാരങ്ങളും കൈമടക്കുകളുമൊക്കെ മതത്തിന്റെ ഭാഗമായി വളർന്ന് പന്തലിക്കുമ്പോൾ പിശാചിന്റെ കുതന്ത്രങ്ങളാണ് വിജയിക്കുന്നത് എന്ന കാര്യം നാം തിരിച്ചറിയണം.**

കളിൽ പെട്ട ഒന്നാണ് 'ഒരിക്കൽ സൂര്യൻ അസ്തമിച്ച കാരണത്താൽ അലി(റ)ക്ക് നമസ്കരിക്കാൻ പറ്റിയില്ല. അപ്പോൾ അദ്ദേഹത്തിനായി സൂര്യനെ തിരിച്ചയച്ചു' എന്ന റിപ്പോർട്ട്. ഇതിന്റെ പരമ്പര പരിശോധിക്കുമ്പോൾ വ്യാജമായി നിർമിച്ച ഒന്നാണ് എന്ന് സുതരാം വ്യക്തമാകും. വിശ്വസ്തനായ ഒരാളും ഈ സംഭവം റിപ്പോർട്ട് ചെയ്തിട്ടില്ല. ഇതിന്റെ ആശയം പരിശോധിക്കുകയാണെങ്കിലോ? നമസ്കാരത്തിന്റെ സമയം നഷ്ടപ്പെട്ടാൽ അത് നഷ്ടപ്പെട്ടു. സൂര്യനെ വീണ്ടും കൊണ്ടുവരിക എന്നത് പുതിയ ഒരു ഉദയമാണ്. അത് നഷ്ടപ്പെട്ട സമയത്തല്ല തിരിച്ചുകൊണ്ടു വരുന്നത് എന്നതിനാൽ കഴിഞ്ഞു പോയതിന് പകരമാകുമോ? അപ്രകാരംതന്നെ അവർ ഉണ്ടാക്കിയ മറ്റൊരു ഹദീസാണ് 'ഫാത്വിമ(റ) തന്റെ മയ്യിത്ത് കുളിപ്പിക്കൽ സ്വയം നിർവഹിച്ച ശേഷമാണ് മരണപ്പെട്ടത്' എന്നത്. മരിക്കുന്നതിനു മുമ്പ് സ്വയം കുളിച്ച ഫാത്വിമ (റ) ഇപ്രകാരം പറഞ്ഞുവത്രെ: 'എന്റെ മയ്യിത്ത് ഞാൻ കുളിച്ചിട്ടുണ്ട്; ഇനിയാരും എന്നെ മയ്യിത്ത് കുളിപ്പിക്കേണ്ടതില്ല.' താൻ കുളിച്ച ആ കുളി അതിനു മതിയാകുന്നതാണ് എന്ന് അവർ പറയുകയും ചെയ്തുവത്രെ! ഇതും റിപ്പോർട്ടർമാരുടെ നിജസ്ഥിതി പരിശോധിക്കുമ്പോൾ വ്യാജമാണെന്ന് തെളിയും. ആശയം പരിശോധിക്കുമ്പോൾ ഗ്രാഹ്യക്കുറവും വിവരമില്ലായ്മയും അതിൽ നിഴലിച്ച് കാണാം. കാരണം മരണത്തോട് കൂടി നിർബന്ധമാകുന്ന 'മയ്യിത്ത് കുളിപ്പിക്കൽ' എങ്ങനെയാണ് മരണത്തിന് മുമ്പ് കുളിച്ചാൽ സ്വഹീഹാകുന്നത്?

ഇതുപോലെ പ്രമാണ പിൻബലവും ആശയ ഭദ്രതയുമില്ലാത്ത ധാരാളം അന്ധവിശ്വാസങ്ങളും കെട്ടു കഥകളും ഇവരുടെ പക്കലുണ്ട്. കർമശാസ്ത്ര മസ്അലകളിലും ഇവർ പുതുതായി ഉണ്ടാക്കിയ പല വീക്ഷണങ്ങളും കാണാം. ഇസ്‌ലാമിക ലോകത്ത് ഐകകണ്ഠ്യേന അംഗീകരിച്ചുപോന്ന പല 'ഇജ്മാഉ്'കൾക്കും വിരുദ്ധമായ നിരവധി കെട്ടുകഥകളും അവർ കൊണ്ടുനടക്കുന്നുണ്ട്. *(വിശദവിവരത്തിന് 'തൽബീസു ഇബ്‌ലീസ്' പേജ് 110 കാണുക).*

സുജൂദ് മണ്ണിലല്ലാതെ പറ്റില്ല, വുദൂഅ് ചെയ്യുമ്പോൾ തല തടവാൻ വേറെ വെള്ളം എടുക്കാവതല്ല; കൈകഴുകിയ നനവുകൊണ്ട് തല തടവണം, ഇനി കയ്യെങ്ങാനും ഉണങ്ങി നനവ് നഷ്ടമായാൽ വീണ്ടും വുദൂഅ് എടുക്കണം; ആരെങ്കിലും ഇശാഅ് നമസ്കരിക്കാതെ ഉറങ്ങിപ്പോകുകയും അർധരാത്രി പിന്നിട്ട ശേഷം ഉണരുകയും ചെയ്താൽ പ്രസ്തുത നമസ്കാരം നിർബന്ധമായും ഖദാ വീട്ടുന്നതോടൊപ്പം അതിനുള്ള പ്രായശ്ചിത്തം എന്ന നിലയിൽ പിറ്റേദിവസം നോമ്പെടുക്കുകയും വേണം. സ്ത്രീകൾ അവരുടെ മുടി മുറിച്ചാൽ മനഃപൂർവമല്ലാത്ത നരഹത്യക്കുള്ള പ്രായശ്ചിത്തം നൽകണം. തന്റെ സന്താനത്തിന്റെയോ ഭാര്യയുടെയോ മരണം കാരണത്താൽ ആരെങ്കിലും സങ്കടം പ്രകടിപ്പിച്ച വസ്ത്രം വലിച്ചുകീറിയാൽ ശപഥലംഘനത്തിന്റെ പ്രായശ്ചിത്തം (അഥവാ 10 സാധുക്കൾക്ക് ഭക്ഷണം നൽകൽ, അല്ലെങ്കിൽ വസ്ത്രം നൽകൽ, അതല്ലെങ്കിൽ അടിമയെ മോചിപ്പിക്കൽ - സൂറത്തുൽ മാഇദ: 89) ചെയ്യണം. തുടങ്ങി അവരിലെ ഇമാമിയാക്കളുടെ പ്രത്യേകമായുള്ള വിചിത്ര മസ്അലകളും ചില കർമശാസ്ത്ര വിധികളും ഇബ്നുൽ ജൗസി(റഹി) തൽബീസു ഇബ്‌ലീസിൽ ഉദ്ധരിച്ചത് കാണാം (പേജ് 111). ■




# ‘പ്ലീസ്, ഒന്ന് ഫോൺ എടുക്കണേ...!’

വി.വി. ബഷീർ വടകര
: 81569 12979

സർവ മേഖലകളിലെയും നന്മയും തിന്മയും വേർതിരിച്ചു കാണിച്ച മതമാണ് ഇസ്‌ലാം. പ്രപഞ്ച സ്രഷ്ടാവിന്റെ വിധിവിലക്കുകൾ മുഴുവൻ തന്റെ ജീവിതത്തിലൂടെ പകർത്തിക്കാണിച്ചുകൊണ്ടാണ് അല്ലാഹുവിന്റെ റസൂൽ(സ്വ) ഈ ലോകത്തോട് വിടപറഞ്ഞത്.

നബി(സ്വ)പറഞ്ഞു: “എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം, നിങ്ങൾ വിശ്വാസികളാകുന്നതുവരെ നിങ്ങളാരും സ്വർഗത്തിൽ പ്രവേശിക്കില്ല. നിങ്ങൾ അന്യോന്യം സ്‌നേഹിക്കുന്നതുവരെ നിങ്ങൾ വിശ്വാസികളാവുകയുമില്ല. നിങ്ങൾ പ്രാവർത്തികമാക്കിയാൽ നിങ്ങൾക്ക് പരസ്പരം സ്‌നേഹിക്കാവുന്ന ഒരു സംഗതി ഞാൻ അറിയിച്ചുതരട്ടെയോ? നിങ്ങൾ നിങ്ങൾക്കിടയിൽ സലാം വ്യാപിപ്പിക്കുക” (മുസ്‌ലിം).

ഇതിലെ ഓരോ വാക്കിന്റെയും ആത്മാവ് നാം ഉൾക്കൊള്ളേണ്ടതാണ്. ലോകത്തെ ഒരു വിരൽത്തുമ്പിൽ കാണാൻ കഴിയുന്ന കാലത്താണ് നാം ജീവിക്കുന്നത്. പരസ്പരം അറിയാനും അറിയിക്കാനും പങ്കുവയ്ക്കാനും പുതിയ സാങ്കേതികവിദ്യകൾ പലതുമുണ്ട്. കൂട്ടുകുടുംബ ബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് ഒരു പരിധിവരെ ബന്ധങ്ങൾ നിലനിർത്തുന്ന ഉപകരണമാണ് മൊബൈൽ ഫോൺ.

വിളിച്ചും അന്വേഷിച്ചും ബന്ധങ്ങൾ നിലനിറുത്താൻ മൊബൈൽ ഫോണുകൾ ആശ്രയിക്കുന്നവരാണ് മിക്കവരും. എഴുത്തും വായനയും അറിയാത്തവർ പോലും ആൻഡ്രോയിഡ് ഫോണുകൾ ഉപയോഗിക്കുന്നു. സൗകര്യങ്ങൾ വർധിക്കുമ്പോൾ ബന്ധങ്ങളുടെ പ്രാധാന്യം കുറച്ചു കാണുന്നവരും നമ്മുടെ കൂട്ടത്തിലുണ്ട്.

ഫോൺ വിളിച്ചാൽ അതെടുക്കാൻ മടിയുള്ള ആളുകളെ നമുക്ക് കാണാം. ആരും തന്നെ വെറുതെ ഫോൺ വിളിക്കില്ല; ആവശ്യങ്ങൾക്കും അന്വേഷണങ്ങൾക്കുമല്ലാതെ. രാഷ്ട്രീയ-സാമൂഹിക രംഗത്തുള്ള നേതാക്കൾ മാത്രമല്ല, മതരംഗത്തുള്ള ചിലരും സാധാരണക്കാരന്റെ ഫോൺകോളുകളെ അവഗണിക്കുന്നതായി നമുക്ക് കാണാൻ കഴിയും.

മീറ്റിംഗുകൾക്ക് സ്ഥിരമായി വിളിക്കുന്ന ഒരു സംഘടനാ സാരഥി, ഹജ്ജിന് പോകുന്ന വിവരം പറയാൻ ഒരാളെ വിളിച്ചപ്പോൾ ഫോൺ എടുക്കാത്ത സംഭവം പങ്കുവയ്ക്കുകയുണ്ടായി. കമ്മിറ്റി മീറ്റിംഗിന് വിളിക്കുകയാകുമെന്ന് കരുതിയാണ് ഫോൺ എടുക്കാതിരുന്നത് എന്നാണ് ടിയാൻ നേരിൽ കണ്ടപ്പോൾ മറുപടി പറഞ്ഞതത്രെ! ചില പണ്ഡിതന്മാരിലും ഇത്തരം വിവേചന നിലപാടുള്ളവരുണ്ട് എന്നത് വാസ്തവമാണ്. മതവിധി ചോദിക്കാനോ എന്തെങ്കിലും സംശയം

ചോദിക്കാനോ ആയിരിക്കും സാധാരണക്കാരൻ വിളിക്കുന്നത്. അഞ്ചും പത്തും തവണ മിസ്ഡ്കോൾ കണ്ടിട്ടുപോലും തിരിച്ചു വിളിക്കാത്തവർ! ‘അയാളെ വിളിച്ചിട്ട് കാര്യമില്ല, നമ്മളൊന്നും വിളിച്ചാൽ ഫോൺ എടുക്കില്ല’ എന്ന് ഒരു പണ്ഡിതനെയോ നേതാവിനെയോ സംബന്ധിച്ച് ആളുകൾ പറയുന്നുവെങ്കിൽ അത് സംഘടനക്കും പ്രബോധന രംഗത്തിനും ഏൽക്കുന്ന പരുക്കായിട്ടേ കാണാൻ കഴിയുകയുള്ളൂ.

തിരക്കുള്ളവർക്ക് വിളിക്കുന്ന സമയത്ത് ഫോൺ അറ്റന്റ് ചെയ്യാൻ സാധിക്കണമെന്നില്ല. എന്നാൽ എപ്പോഴാണോ സമയം കിട്ടുന്നത് അപ്പോൾ തിരിച്ചു വിളിക്കാമല്ലോ. അതാണ് ഇസ്‌ലാമിക മര്യാദ. നടന്നുപോകുന്ന ഒരാളെ ഉറക്കെ വിളിച്ചിട്ടും അയാൾ കേൾക്കാത്ത ഭാവം നടിച്ച് മുന്നോട്ടു പോയാൽ അയാളെക്കുറിച്ച് വിളിച്ചയാളുടെ മനസ്സിലുള്ള ചിന്ത എന്തായിരിക്കും? ഫോൺ വഴി വിളിച്ചാലും അത് എടുക്കാനോ എപ്പോഴെങ്കിലും തിരിച്ചു വിളിക്കാനോ തയ്യാറില്ലാത്തതും ഇതുപോലെത്തന്നെയല്ലേ?

എന്തു തിരക്കാണെങ്കിലും തന്നെ അന്വേഷിക്കുന്നയാളെ തിരിച്ചുവിളിക്കാനുള്ള സമയം കണ്ടെത്താൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. വിശ്വാസികളെ സംബന്ധിച്ച് അത് വിനയത്തിന്റെ ലക്ഷണമാണ്. ഇയാദ് ബിൻ ഹിമാറി(റ)ൽനിന്ന് നിവേദനം, നബി(സ്വ)പറഞ്ഞു: “നിങ്ങളിൽ ഒരാളും ഒരാളോടും ഗർവ് കാണിക്കാതിരിക്കുകയും ഒരാളും ഒരാളുടെ മേലും അതിക്രമം കാണിക്കാതിരിക്കുകയും ചെയ്യുവോളം നിങ്ങൾ അന്യോന്യം വിനയം കാണിക്കണമെന്ന് അല്ലാഹു എനിക്ക് ബോധനം നൽകിയിരിക്കുന്നു” (മുസ്‌ലിം).

ക്വുർആനിലെ സൂറഃ അബസയിൽ അന്ധനായ സ്വഹാബി അബ്ദുല്ലാഹിബിനു ഉമ്മി മക്തൂമു(റ)മായി ബന്ധപ്പെട്ട വിഷയത്തിൽ നബി(സ്വ)യെ സൗമ്യമായി അല്ലാഹു തിരുത്തുന്ന വിഷയത്തിൽ നമുക്കുള്ള പാഠം ആരോടും മുഖം തിരിക്കരുത് എന്നതാണ്.

ഫോൺ വിളിക്കുന്നവർ സമയവും സാഹചര്യവും നോക്കണം. ഒന്നിലധികം തവണ വിളിച്ചിട്ടും എടുക്കുന്നില്ലെങ്കിൽ അതിനു പറ്റിയ സാഹചര്യത്തിലായിരിക്കില്ല എന്നു മനസ്സിലാക്കുക; വീണ്ടും വീണ്ടും വിളിച്ച് ശല്യപ്പെടുത്താതിരിക്കുക. അർധരാത്രി സമയത്തും ഞാൻ വിളിച്ചാൽ ഫോൺ എടുക്കണമെന്ന വാശി പാടില്ല. ഒരു വിശ്വാസി അന്യരെ ഒരുനിലയ്ക്കും ഉപദ്രവിച്ചുകൂടാ. നേതാക്കളും പണ്ഡിതന്മാരും നമ്മെ പോലെ വിശ്രമം ആവശ്യമുള്ളവർ തന്നെയാണ് എന്നു തിരിച്ചറിഞ്ഞ് പെരുമാറുക.

പൂർണമായി സലാം പറഞ്ഞാൽ പോലും ‘സലാം’ എന്നതിൽ ഒതുക്കുന്ന ആളുകളെയും നമുക്ക് കാണാം. സലാം പറയുന്നതിന്റെയും മടക്കുന്നതിന്റെയും പ്രതിഫലം മനസ്സിലാകാത്തതുകൊണ്ടാണ് അത് സംഭവിക്കുന്നത്. ഫോൺ എടുത്തയാളോട് തിരക്കുണ്ടോ എന്ന് ചോദിച്ചതിനു ശേഷം ശബ്ദം നിയന്ത്രിച്ചുകൊണ്ടാവണം നമ്മൾ സംസാരിക്കേണ്ടത്. അങ്ങേതലയ്ക്കലുള്ളയാൾക്ക് സംസാരം തുടരാൻ താൽപര്യമില്ല എന്നു മനസ്സിലായാൽ നാം സംസാരം ചുരുക്കണം. അനാവശ്യമായ സംസാരം തിരക്കുപിടിച്ച ആളുകളോട് ഫോണിലൂടെ നടത്തുമ്പോൾ അവർക്കത് അരോചകമാകും! പിന്നീട് അവരുടെ ഫോൺ എടുക്കാൻ മടിക്കും. വെറുതെ സമയം കളയാനുള്ള വിളി എന്ന് കരുതും. അനാവശ്യ സംസാരവും കൂടുതലായുള്ള ചോദ്യങ്ങളും അല്ലാഹു നിങ്ങൾക്ക് വെറുത്തിരിരുന്നു എന്നാണ് നബി(സ്വ) പഠിപ്പിച്ചത്.

തിരക്കുകളിൽനിന്ന് ഒഴിഞ്ഞ സമയത്ത് പരിചിതനായാലും അപരിചിതനായാലും സാധാരണക്കാരനായാലും നേതാവായാലും തിരിച്ചു വിളിക്കുക എന്നത് മാന്യതയുടെ ലക്ഷണമാണ്. ‘അയാളെ വിളിച്ചിട്ട് കാര്യമില്ല, ഫോൺ എടുക്കില്ല’ എന്ന് പറയിക്കാൻ ഇടയുണ്ടാക്കരുത്, പണ്ഡിതനായാലും പാമരനായാലും. സത്യവിശ്വാസിക്ക് അതൊരിക്കലും ഭൂഷണമല്ല.

‘പ്ലീസ് ഒന്ന് ഫോൺ എടുക്കണേ’ എന്ന മെസ്സേജിന് കാത്തിരിക്കാതെ നമുക്ക് തിരിച്ചു വിളിക്കാം. ബന്ധങ്ങൾ നിലനിർത്താം. ■

**തിരക്കുകളിൽ നിന്ന് ഒഴിഞ്ഞ സമയത്ത് പരിചിതനായാലും അപരിചിതനായാലും സാധാരണക്കാരനായാലും നേതാവായാലും തിരിച്ചു വിളിക്കുക എന്നത് മാന്യതയുടെ ലക്ഷണമാണ്. ‘അയാളെ വിളിച്ചിട്ട് കാര്യമില്ല, ഫോൺ എടുക്കില്ല’ എന്ന് പറയിക്കാൻ ഇടയുണ്ടാക്കരുത്, പണ്ഡിതനായാലും പാമരനായാലും. സത്യവിശ്വാസിക്ക് അതൊരിക്കലും ഭൂഷണമല്ല.**

# സൂറ: അശ്ശുഅറാഅ് കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

إِنِّيٓ أَخَافُ عَلَيۡكُمۡ عَذَابَ يَوۡمٍ عَظِيمٖ ١٣٥

135. നിങ്ങളുടെ കാര്യത്തിൽ ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ തീർച്ചയായും ഞാൻ ഭയപ്പെടുന്നു.

*135). ഇത് അവർക്ക് നൽകിയ അനുഗ്രഹങ്ങളെ കുറിച്ചുള്ള ഒരു ഓർമപ്പെടുത്തലാണ്. പിന്നെ അവർക്ക് ഇറങ്ങാവുന്ന അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് ഓർമിപ്പിച്ചുകൊണ്ട് പറഞ്ഞു: നിങ്ങളുടെ കാര്യത്തിൽ ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷയെ തീർച്ചയായും ഞാൻ ഭയപ്പെടുന്നു. എനിക്ക് നിങ്ങളോടുള്ള അനുകമ്പയും കരുതലും കൊണ്ട് ഞാൻ പറയുന്നു: നിങ്ങൾ അവിശ്വാസത്തിലും അക്രമത്തിലും തുടർന്നാൽ നിങ്ങൾക്ക് കഠിനമായ ശിക്ഷ വരുമെന്ന് ഞാൻ ഭയപ്പെടുന്നു. അതു വരുമ്പോൾ അത് തിരിച്ചെടുക്കാൻ കഴിയില്ല.*

قَالُواْ سَوَآءٌ عَلَيۡنَآ أَوَعَظۡتَ أَمۡ لَمۡ تَكُن مِّنَ ٱلۡوَٰعِظِينَ ١٣٦

136. അവർ പറഞ്ഞു: നീ ഉപദേശം നൽകിയാലും ഉപദേശിക്കുന്നവരുടെ കൂട്ടത്തിൽ ആയില്ലെങ്കിലും ഞങ്ങളെ സംബന്ധിച്ചിടത്തോളം സമമാകുന്നു.

*136) എന്നാൽ സത്യത്തെ ശാഠ്യത്തോടെ തള്ളിപ്പറയുകയും തങ്ങളുടെ പ്രവാചകനിൽ അവിശ്വസിക്കുകയും ചെയ്തുകൊണ്ട് അവർ പറഞ്ഞു: (നീ ഉപദേശം നൽകിയാലും ഉപദേശിക്കുന്നവരുടെ കൂട്ടത്തിൽ ആയില്ലെങ്കിലും ഞങ്ങളെ സംബന്ധിച്ചിടത്തോളം സമമാകുന്നു) അതായത് ഞങ്ങളെ ഉപദേശിച്ചാലും ഇല്ലെങ്കിലും ഞങ്ങൾക്ക് ഒരുപോലെയാണ്. ഇത് ഏറ്റവും വലിയ അഹങ്കാരമാണ്. ഉറച്ച പർവതങ്ങളെ ഉരുക്കുകയും ജ്ഞാനികളുടെ ഹൃദയങ്ങളെ വിറപ്പിക്കുകയും ചെയ്യുന്ന അല്ലാഹുവിന്റെ ഉപദേശങ്ങൾ ഉണ്ടായാലും ഇല്ലെങ്കിലും ഒരുപോലെയാണെന്ന് പറയുന്ന ഒരു ജനതയുടെ അവസ്ഥ. അവർ തെറ്റുകളിൽ അങ്ങേയറ്റം എത്തുകയും നാശത്തിലേക്ക് അടുക്കുകയും ചെയ്തവരാണ്. അവർ ഒരിക്കലും നേർവഴിയിലാകുമെന്ന് പ്രതീക്ഷയില്ല.*

إِنۡ هَٰذَآ إِلَّا خُلُقُ ٱلۡأَوَّلِينَ ١٣٧

137. ഇത് പൂർവികൻമാരുടെ സമ്പ്രദായം തന്നെയാകുന്നു.

*137). അതിനാൽ അവർ പറഞ്ഞു: (ഇത് പൂർവികന്മാരുടെ സമ്പ്രദായം തന്നെയാകുന്നു) അതായത് ഈ അവസ്ഥയും സുഖജീവിതവും മുൻതലമുറകൾക്കും സംഭവിച്ചതാണ്. ചിലപ്പോൾ അവർക്ക് സമ്പന്നതയും മറ്റു ചിലപ്പോൾ ദാരിദ്ര്യവും ഉണ്ടായിട്ടുണ്ട്. ഇതൊക്കെ കാലത്തിന്റെ ഓരോ മാറ്റങ്ങൾ. അല്ലാതെ ഇത് അല്ലാഹുവിൽനിന്നുള്ള പരീക്ഷണമോ അനുഗ്രഹമോ അല്ല.*

وَمَا نَحۡنُ بِمُعَذَّبِينَ ١٣٨

138. ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ല.

*138) (ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ല) ഇത് ഉയർത്തെഴുന്നേൽപിനെ നിഷേധിക്കലാണ്; അതല്ലെങ്കിൽ തങ്ങളുടെ പ്രവാചകനെ പരിഹസിച്ച് കൂടെ നിൽക്കൽ. ഇനി ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും എന്ന് കരുതിയാലും ഈ ലോകത്ത് ഞങ്ങൾക്ക് അനുഗ്രഹങ്ങൾ ലഭിച്ചതുപോലെ ഉയിർത്തെഴുന്നേൽപിക്കപ്പെട്ടാലും അത് തുടരും.*

فَكَذَّبُوهُ فَأَهْلَكْنَاهُمْ ۗ إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٣٩﴾

139. അങ്ങനെ അവർ അദ്ദേഹത്തെ നിഷേധിച്ചുതള്ളുകയും അതിനാൽ നാം അവരെ നശിപ്പിക്കുകയും ചെയ്തു. തീർച്ചയായും അതിൽ (മനുഷ്യർക്ക്) ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല.

*139) (അങ്ങനെ അവർ അദ്ദേഹത്തെ നിഷേധിച്ചുതള്ളി) നിഷേധം അവരുടെ പ്രകൃതമാണ്. യാതൊന്നിനും അതിനെ തടയാനാവില്ല. (അതിനാൽ നാം അവരെ നശിപ്പിക്കുകയും ചെയ്തു).*

وَأَمَّا عَادٌ فَأُهْلِكُوا بِرِيحٍ صَرْصَرٍ عَاتِيَةٍ ﴿٦﴾ سَخَّرَهَا عَلَيْهِمْ سَبْعَ لَيَالٍ وَثَمَانِيَةَ أَيَّامٍ حُسُومًا فَتَرَى الْقَوْمَ فِيهَا صَرْعَىٰ كَأَنَّهُمْ أَعْجَازُ نَخْلٍ خَاوِيَةٍ ﴿٧﴾

*"എന്നാൽ ആദ് സമുദായം, ആഞ്ഞുവീശുന്ന അത്യുഗ്രമായ കാറ്റുകൊണ്ട് നശിപ്പിക്കപ്പെട്ടു. തുടർച്ചയായ ഏഴു രാത്രിയും എട്ടു പകലും അത് (കാറ്റ്) അവരുടെ നേർക്ക് അവൻ തിരിച്ചുവിട്ടു. അപ്പോൾ കടപുഴകി വീണ ഈന്തപ്പനത്തടികൾ പോലെ ആ കാറ്റിൽ ജനങ്ങൾ വീണുകിടക്കുന്നതായി നിനക്ക് കാണാം" (69:6,7)*

*(തീർച്ചയായും അതിൽ ഒരു ദൃഷ്ടാന്തമുണ്ട്) ഹൂദ് നബി(അ)യുടെ സത്യസന്ധതയും അദ്ദേഹം കൊണ്ടുവന്ന സന്ദേശത്തിന്റെ സത്യസന്ധതയും തെളിയിക്കുന്ന ഒരു ദൃഷ്ടാന്തമുണ്ട്. അതിൽ, അദ്ദേഹത്തിന്റെ ജനത പിന്തുടർന്ന സ്വേച്ഛാധിപത്യത്തിന്റെയും ബഹുദൈവത്വത്തിന്റെയും പാത തെറ്റാണെന്നതിന് അതിൽ തെളിവുണ്ട്. (എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല) വിശ്വാസത്തിലേക്ക് നയിക്കേണ്ട തെളിവുകൾ ഉണ്ടായിട്ടും വിശ്വാസികളായില്ല.*

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿١٤٠﴾

140. തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും.

*140) (തീർച്ചയായും നിന്റെ രക്ഷിതാവ് പ്രതാപിയും) ശക്തരും കഴിവുള്ളവരും ആയിട്ടും ഹൂദിന്റെ ജനതയെ നശിപ്പിച്ച നിന്റെ രക്ഷിതാവാണ് അവൻ. (കരുണ ചൊരിയുന്നവനും) തന്റെ പ്രവാചകൻ ഹൂദിനെയും അദ്ദേഹത്തിന്റെ കൂടെയുള്ള വിശ്വാസികളെയും രക്ഷിച്ചതിലൂടെ.*

كَذَّبَتْ ثَمُودُ الْمُرْسَلِينَ ﴿١٤١﴾

141. സമൂദ് സമുദായം ദൈവദൂതൻമാരെ നിഷേധിച്ചുതള്ളി.

*141) (സമൂദ് സമുദായം നിഷേധിച്ചുതള്ളി) ഹിജ്റിലെ പ്രസിദ്ധ ഗോത്രം. (പ്രവാചകന്മാരെ) അവർ സ്വാലിഹ് നബി(അ)യെ നിഷേധിച്ചു. പ്രവാചകന്മാരെല്ലാം പറഞ്ഞ തൗഹീദിലേക്ക് അദ്ദേഹം അവരെ ക്ഷണിച്ചു. അതിനാൽ അദ്ദേഹത്തെ കളിയാക്കുന്നതിലൂടെ സർവ പ്രവാചകന്മാരെയും അവർ കളിയാക്കി.*

إِذْ قَالَ لَهُمْ أَخُوهُمْ صَالِحٌ أَلَا تَتَّقُونَ ﴿١٤٢﴾

142. അവരുടെ സഹോദരൻ സ്വാലിഹ് അവരോട് പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കു ന്നില്ലേ?

*142) (അവരുടെ സഹോദരൻ സ്വാലിഹ് അവരോട് പറഞ്ഞ സന്ദർഭം) ഒരേ വംശപരമ്പരയിൽ പെട്ട അദ്ദേഹം സ്നേഹത്തോടെയും സൗമ്യതയോടെയും അവരോട് പറഞ്ഞു: (നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?) അല്ലാഹുവിനെ ഭയപ്പെടുകയും ശിർക്കും മറ്റു പാപങ്ങളും ഉപേക്ഷിക്കുകയും ചെയ്യുന്നില്ലേ?*

# മനുഷ്യരാവുക

ഹുസ്ന പുലത്ത്



നിഷ്കളങ്കരാം കുരുന്നുകളെയും
അവശരാം വൃദ്ധജനങ്ങളെയും
മറ്റുള്ള ആശ്രിതരെയും
സ്വസുഖങ്ങൾക്കായി
നിർദയം കൊന്നുതീർക്കുന്നു
ചില മനുഷ്യമൃഗങ്ങൾ!
മൊബൈൽ ഫോൺ
അവിഹിത ബന്ധങ്ങൾക്കുള്ള
ആയുധമായിത്തീരുന്നു.
വാട്സാപ്പും ഇൻസ്റ്റാഗ്രാമും
ചാറ്റിംഗിലൂടെ ചീറ്റിംഗിനുള്ള
മാധ്യമമായി മാറുന്നു.
പുതിയ ബന്ധങ്ങൾക്ക്
നിലവിലെ ബന്ധങ്ങൾ
തടസ്സമായിത്തീരുമ്പോൾ
ഇറങ്ങിപ്പോക്കോ
കൊലപാതകമോ നടക്കുന്നു.
തണലായി മാറാനാവില്ലെങ്കിൽ വേണ്ടാ,
ചിറകരിഞ്ഞു വീഴ്ത്താതിരുന്നുകൂടേ?
അനശ്വരമാം ജീവിതത്തിൻ
സുഖഭോഗങ്ങളിൽ
വീണുടയുകയാണിവർ,
അവരുടെ ഹൃദയങ്ങളിൽ
ഇരുൾ മൂടിയിരിക്കുകയാണ്.
ജീവിത ലക്ഷ്യം
ഭൗതികതയിൽ ഒതുങ്ങിയാൽ,
സ്രഷ്ടാവിനെ ഓർക്കാതിരുന്നാൽ
സംഭവിക്കുന്ന അപകടം.
വിശ്വാസികൾ ഓർക്കുക;
ഇതിന്റെയെല്ലാം പരിണിതി
തീരാ ദുഃഖമായിരിക്കും;
ഇഹത്തിലും പരത്തിലും.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 15 August 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

To the **Right Goal**
Through the **Right Path**

wisdomstudents

30th

WISDOM

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE



2026
## SEPTEMBER
11 12 13

## PALAKKAD

WISDOM students
KERALA STATE COMMITTEE
CV COMPLEX, PV SWAMI ROAD - CALICUT